വരുന്നുണ്ട്. അങ്ങിനെ ചെയ്യാതെ അവർ ഏതുകായ്യത്തിലാണ് അമാന്തം കാണിച്ചിട്ടുള്ളതെന്നു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാനും വിരോധമില്ല.

പക്ഷെ, ഈവക അവസരങ്ങൾ നമ്മുടെ ഉദ്യോഗസ്ഥന്മാരെപ്പറ്റി ആക്ഷേപിക്കുന്നതിനുള്ള അവസരമാക്കുന്നതു ശരിയായിരിക്കുകയില്ല.

മിസ്റ്റർ സി. സി. പ്രസാദ്: ഉദ്യോഗസ്ഥന്മാർ തെറ്റു ചെയ്യാൽ പറയാൻ പാടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പറയാനാക്കാണ്ട വിരോധം? പ്രത്യേകിച്ച് ഈ നിയമസഭയിൽ ബഹുമാനപ്പെട്ട സാമാജികന്മാക്കു എന്തും പറയുന്നതിനുള്ള സ്വാതന്ത്ര്യവും അധികാരവുമുണ്ട്. പക്ഷെ ആ അധികാരം കുറച്ചു നിയന്ത്രിക്കേണ്ടതാണെന്നുകൂടി അറിയുന്നതു നല്ലതാണ്. ചിറ്റൂരിലെ അധഃകൃതക്കു ഡിപ്പാർട്ട്മെണ്ടു മുഴം അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ലെന്നു പറഞ്ഞാൽ അതു തീച്ചയായും പരിശോധിക്കേണ്ട കായ്യമാണ്. അതിലെന്തെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു അന്വേഷിക്കേണ്ട ചുമതലയുണ്ട്. അങ്ങിനെ ഒരു പോരായ്മ വന്നതു ഉദ്യോഗസ്ഥന്മാരുടെ നടപടികൊണ്ടാണെന്നുവന്നാൽ ഗവണ്മെണ്ടു നടപടി എടുക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈവക കുറവുകൾക്കു ഗവണ്മെണ്ടിനെയാണ് കുറ്റം പറയേണ്ടതു. ഉദ്യോഗസ്ഥന്മാരെയല്ല. ചിറ്റൂർ താലൂക്കിലെ അധഃകൃതക്കു എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യുന്നതാണ്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഞാൻ അദ്ദേഹത്തിനെപ്പറ്റി വ്യക്തിപരമായി ആക്ഷേപിക്കാൻവേണ്ടി പറഞ്ഞതല്ല. മിസ്റ്റർ ഈച്ചരമേനോൻ പറഞ്ഞതു ശരിയാകാം. അദ്ദേഹത്തിനെ കാണാനായി അധഃകൃതസംരക്ഷകൻ ചിറ്റൂരിൽ വരുന്നുണ്ടാകാം. അദ്ദേഹം മാത്രമല്ല ഏതുദ്യോഗസ്ഥനും, ഈ നിയമസഭ തുടങ്ങിയമുതല്ക്കുള്ള ഒരു മെമ്പറെന്ന നിലയിൽ ചിറ്റൂരിൽ വന്നാൽ മിസ്റ്റർ ഈച്ചരമേനോനെ കാണേണ്ടതുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ: എന്നെതന്നെ കാണാൻവേണ്ടി വരുന്നതല്ല. അദ്ദേഹം വന്നാൽ അവിടെയുള്ള കോളനിയും സന്ദർശിക്കാറുണ്ട്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: അദ്ദേഹം വരാറുണ്ടായിരിക്കാം. പക്ഷെ കോളനികളിലൊന്നിലും അദ്ദേഹം വരാറില്ല. അവിടത്തെ കോളനിയിലുള്ളവക്കു വെള്ളംപോലും കുടിക്കാനില്ല. ഈ സംഗതി ബഹുമാനപ്പെട്ട പ്രധാനമന്ത്രി നേരിട്ടു കണ്ടിട്ടുള്ളതാണ്. ഒഴലപ്പതിയിൽ ചക്കലിയർ എന്ന ഒരു ജാതിക്കാരുണ്ട്. ആ സമുദായക്കാരെ അവിടത്തെ സർക്കാർ കിണറ്റിൽനിന്നു വെള്ളം കോരി കുടിക്കാൻ സമ്മതിക്കുന്നില്ല. പാടത്തെ ചെളിവെള്ളമാണ് അവർ കുടിക്കുന്നതു.

ബഹുമാനപ്പെട്ട മന്ത്രി ഈ കായ്യങ്ങൾ അന്വേഷിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞതനുസരിച്ചു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn
Demand put and carried.

(iii) Uplift of the Depressed Class (Cranganur)

Mr. P. Govinda Menon (*Minister for Finance and Law*): I move that an amount of Rs. 3,270 be granted to Government under 25—Uplift of the Depressed Classes-Cranganur.

Mr. E. Ikkanda Warrier *(Prime Minister)*: I second it.

Demand Put and carried.

(iv) 14—Forests and Tramway.

Mr. P. Govinda Menon (*Minister for Finance and Law*): I move that under 14. Forests and Tramway Government be granted an amount of Rs. 11,83,580.

Mr. E. Ikkanda Warrier *(Prime Minister)*: I second it.

മിസ്റ്റർ വി. കെ. ജോസഫ്: മിസ്റ്റർ കുഞ്ഞിരാമമേനോന്റെ ഈ ഉപക്ഷേപം അവതരിപ്പിക്കാൻ എന്നെ അധികാരപ്പെടുത്തിയിട്ടുണ്ട്.

Mr. President: Has he authorised you in writing?

Mr. V. K. Joseph *(Alur)*: No.

Mr. President: According to the rules, he should do so in writing. I would like to draw the attention of the Hon'ble members in regard to this matter. Whenever any Hon'ble

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

member is absent and he wants a motion standing in his name to be moved by any other member, he should give an authorisation in writing. The rule requires that. Anyhow, Mr. Joseph may move the motion.

CUT MOTION No. 1.

മിസ്റ്റർ വി. കെ. ജോസഫ്: To reduce the allotment of Rs. 2 87,000 for fores (A) Conservancy and Works-2 (b) other means and Demand No 14. by Re 1.

(ഗവമ്മെണ്ടു കൂട്ടിലെ പൂളമരങ്ങൾ പുറംരാജ്യത്തെ കമ്പനികൾക്കു് കരാറു ചെയ്ത സാഹസപ്രവൃത്തിയെ പ്രതിഷേധിക്കുവാൻ)

സർ, നമ്മുടെ നാട്ടിലെ പൂളമരം അല്ലെങ്കിൽ വെള്ളമരങ്ങൾ നിസ്സാര വിലയ്ക്കു്—അതും വിദേശക്കമ്പനികൾക്കു്—കൊടുക്കുന്നതു തീരെ യോജിച്ചതല്ല. അതു നമ്മൾക്കു് നഷ്ടമാണു്. തന്നെയല്ല അതു നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങൾക്കു് കോട്ടമാണെന്നുകൂടി ഞാൻ ഈ സഭമുമ്പാകെ പറഞ്ഞുകൊള്ളുന്നു. നമ്മുടെ രാജ്യത്തിലുണ്ടാകുന്ന വെള്ളമരങ്ങൾ മദ്രാസിലെ വിംകൊ ഫാക്ടറിക്കു് ടണ്ണിനു രൂ 0 ശ്രപ വിലവെച്ചാണു് കൊടുക്കുന്നതു്- അതിനു നമ്മുടെ രാജ്യത്തിൽ ക്ര ക. ൧യാളം വിലയുണ്ടു്. അപ്പോൾ ഒരു വിദേശക്കമ്പനിക്കു് രൂ 0 ക. വിലയ്ക്കു കൊടുത്താൽ അതുകൊണ്ടു് നമ്മുടെ ഗവമ്മെണ്ടിനു വളരെ നഷ്ടമാണു്. ഇതു അനുവദിച്ചു കൊടുക്കാൻ പാടില്ല. പ്രതിഷേധാർഹമാണു്. കൂടാതെ ഈ രാജ്യത്തിൽ വെള്ളമരങ്ങൾ ഉപയോഗിച്ചുകൊണ്ടു് അനവധി തീപ്പെട്ടിക്കമ്പനികൾ നടക്കുന്നുണ്ടു്. പക്ഷെ, ഈ കമ്പനികൾ ഉണ്ടാക്കുന്ന തീപ്പെട്ടികൾ ഇവിടെ ചിലവാക്കാൻ സാധിക്കാതെ വളരെ വിഷമിക്കുന്നുണ്ടു്. കാരണം അവക്കു് ഈ രൂ 0 ശ്രപ തോതിലല്ല മരം കൊടുക്കുന്നതു്. അതിനാൽ പുറം രാജ്യങ്ങളിലുള്ള കമ്പനികൾക്കു വളരെ കുറഞ്ഞ വിലയ്ക്കു മരങ്ങൾ കൊടുക്കുന്നതുകൊണ്ടു് ആ കമ്പനികൾ ഇവിടെ കുറഞ്ഞ വിലയ്ക്കു തീപ്പെട്ടി വില്ക്കുന്നു. അതിനാൽ നമ്മുടെ രാജ്യത്തിലെ കമ്പനികൾ പൂട്ടിയിടേണ്ടിവരുന്നുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: തിരുവിലാമലയിൽ ഒരു കമ്പനിക്കു രൂ 0 ക. വിലയ്ക്കു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ വി. കെ. ജോസഫ്: അതുകൊണ്ടു് ഈ പോളിസി ഇനിയെങ്കിലും നിറുത്താൻ ശ്രമിക്കുന്നതു നന്നായിരിക്കും. അതു കൂടാതെ നമ്മുടെ രാജ്യത്തിലെ വെള്ളമരങ്ങൾ വേറെ വിധത്തിലും പുറത്തേയ്ക്കു പോകുന്നുണ്ടു്. അതു കൊള്ളികളാക്കി കൊണ്ടുപോകുകയാണു്. അതുകൊണ്ടു് നമ്മുടെ ഗവമ്മെണ്ടിനു വളരെ നഷ്ടം നേരിടുന്നുണ്ടു്. ഈ മരങ്ങൾകൊണ്ടു് ഇവിടെ ഡിപ്പിംഗ് സെക്ഷൻ ആരംഭിച്ചാൽ അതുകൊണ്ടു് അനവധി തൊഴിലാളികൾക്കു് തൊഴിലുണ്ടാകുന്നതിനും, ഗവർമ്മെണ്ടിനു ലാഭമുണ്ടാകുന്നതിനും സാധിക്കുന്നതാണു്. ഇതൊന്നുംകൂടാതെ കൊള്ളിയാക്കി സൂത്രത്തിൽ അന്യരാജ്യങ്ങളിലേയ്ക്കു കടത്തിക്കൊണ്ടുപോകുന്നുണ്ടു്. ഇങ്ങിനെ രണ്ടു തരത്തിൽ വെള്ളമരങ്ങൾ ഇവിടെ നിന്നു കടന്നുപോകുന്നുണ്ടു്. ഈ വസ്തുത ഗവർമ്മെണ്ടു ശ്രദ്ധിക്കണം. മേലിൽ ഈ വക കുഴപ്പങ്ങളുണ്ടാകാതെയിരിപ്പാൻ ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ ഈ കട്ട്മോഷനോടു യോജിക്കുന്നു. എന്റെ അറിവിൽ ധാരാളം പൂളമരങ്ങൾ ഒരു പ്രത്യേകമായ കരാറിന്മേലാണു് കൊടുത്തിട്ടുള്ളതെന്നാണു് അതുപോലെ തിരുവിലാമലയിലുള്ള എതൊ ഒരു കമ്പനിക്കും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ ഡിവർ: ഏതു കമ്പനിക്കാണു കൊടുത്തതു്?

മിസ്റ്റർ സി. വി. ഇയ്യു: ആ കമ്പനിയുടെ പേരു് എനിക്കറിഞ്ഞുകൂടാ. ഗവർമ്മെണ്ടിനോടു വളരെ അടുപ്പമുള്ള ചില ആളുകൾ—സ്ത്രീകളും മറ്റും അതിലുണ്ടായിരിക്കാം—ആ കമ്പനി വഴിയായൊ, എങ്ങിനെയോ ലക്കിടിക്കു പൂളമരങ്ങൾ മുറിച്ചു കടത്തിക്കൊണ്ടുപോകുന്നുണ്ടു്. മായന്നൂരിൽനിന്നും മറ്റും ധാരാളം പൂളമരങ്ങൾ മലബാറിലേയ്ക്കു തട്ടിക്കൊണ്ടുപോകുന്നുണ്ടു്. ഞാൻ സാധാരണ ആവഴിക്കുകൂടി യാത്ര ചെയ്യാറുണ്ടു്. അപ്പോൾ ഇങ്ങിനെ കടത്തിക്കൊണ്ടുപോകുന്നതു കണ്ടു് എവിടെ നിന്നാണു് ഇതു് കൊണ്ടുപോകുന്നതെന്നു ചോദിച്ചിട്ടു് ശരിയായ മറുപടി ഒന്നും ആരും പറയാറില്ല. നമ്മുടെ വനങ്ങൾ ഇങ്ങിനെ നൃഷ്ണം ചെയ്യപ്പെടുന്നതു് സങ്കടമാണു്. ഇതിനെ കുറിച്ചു് അന്വേഷിക്കേണ്ടതാണു്. നമ്മുടെ പൂളമരങ്ങൾ പുറത്തേയ്ക്കു കൊണ്ടുപോയി ആ രാജ്യത്തിൽ തീപ്പെട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറികൾ തുടങ്ങി അവിടെനിന്നു തീപ്പെട്ടികൾ കൊണ്ടുവന്നു നമ്മുടെസ്വദേശികളായവ്യവസായികളുമായി ഇവിടെ മത്സരിക്കുന്നതുകൊണ്ട് ഇവിടത്തെ തൊഴിലിന്നു തടസ്സം നേരിടുന്നുണ്ട്. കൺട്രാക്ട് കൊടുത്ത അവസ്ഥയിൽ അവരുടെ കരാർ കാൻസൽ ചെയ്യുവാൻ നിയമം അനുവദിക്കുന്നില്ലെങ്കിൽ, മേലാലെങ്കിലും അങ്ങിനെ പോകാതിരിക്കാൻ വേണ്ടി ഒരു ബില്ലു കൊണ്ടുവന്നു കോടതിയിൽ പോയാൽ പോലും രക്ഷയില്ലാത്ത തരത്തിൽ ഇത്തരം കരാറുകളെ തുലച്ചുകളയേണ്ടതു ആവശ്യമാണ്. അതിനൊരു പ്രത്യേക നിയമം വേണ്ടിവന്നാൽ വേണം. ഗവർമ്മെണ്ടിന്റെ അവഗാഢമായ ശ്രദ്ധയെ ഇക്കാര്യത്തിലേയ്ക്കു ക്ഷണിക്കുന്നു.

മിസ്റ്റർ ചേലാതി റാവുത്തർ: സർ, വനം ഡിപ്പാർട്ട്മെണ്ടിൽ നിന്നും വെള്ള മരങ്ങൾ വെട്ടി വിദേശക്കമ്പനികളിലേയ്ക്കു കയറ്റിക്കൊണ്ടുപോകുന്നുണ്ട്. അതേ സമയത്തു കൊച്ചീരാജ്യത്തിലെ മാപ്പിള ഫാക്ടറി, പ്ലൈവുഡ് ഫാക്ടറി മുതലായവയ്ക്കു കയറ്റിക്കൊണ്ടുപോകുന്നതിന്മേൽ മരങ്ങൾ അനുവദിച്ചുകൊടുക്കുന്നില്ല. ചെറുതുരുത്തിക്കു സമീപം ഉദ്ദേശം രണ്ടു വർഷത്തിനിടക്കു ഒരു തീപ്പെട്ടി കമ്പനി സ്ഥാപിച്ചിട്ടുണ്ട്. അവർക്കു ഇതുവരെ യാതൊരു വെള്ളമരമോ, പൂളമരമോ അനുവദിച്ചിട്ടില്ല. നേരെമറിച്ചു് അന്യരാജ്യങ്ങളിലേയ്ക്കു കടത്താൻ സൗകര്യമുള്ള ചില കമ്പനികൾക്കു് കയറ്റിക്കൊണ്ടുപോകുന്നതിനും മറ്റും ഗവർമ്മെണ്ട് അനുവദിച്ചുകൊടുത്തിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ധാരാളം വെള്ളമരങ്ങൾ കൊച്ചിയിൽ നിന്നും ബ്രിട്ടീഷിലേയ്ക്കു കടത്തിക്കൊണ്ടുപോകുന്നുണ്ടെന്നു പറഞ്ഞു. അതു് തീരെ ശരിയല്ല. അതായതു ജന്മികളുടെ മരങ്ങൾ B പെർമിറ്റിന്മേൽ കടത്തിക്കൊണ്ടുപോകുന്നുണ്ട്. പക്ഷെ, നമ്മൾക്കതിൽ ഒന്നും ചെയ്യാൻ നിവർത്തിയില്ല. നമുക്കു നഷ്ടവും ഇല്ല. ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ അലസതകൊണ്ടാണ് ഇങ്ങിനെ കടത്തിക്കൊണ്ടു പോകുന്നതെന്നു പറയുവാൻ നിവർത്തിയില്ല. പുറംരാജ്യങ്ങളിലേയ്ക്കു മരങ്ങൾ അനുവാദം കൂടാതെ കടത്തി കൊണ്ടുപോകുന്നു എന്ന പരാതിയുണ്ടായിട്ടില്ല. കേട്ടിട്ടും ഇല്ല. ഞാൻ ഏതാറേഴു കൊല്ലക്കാലം ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ ഒരു ചെറിയ ഉദ്യോഗത്തിലിരുന്നും മറ്റു വിധത്തിലും പരിചയിച്ചിട്ടുള്ള ഒരാളാണ്. അതുകയാൽ കൊച്ചീരാജ്യത്തിലുള്ള ഒമ്പതോ, പത്തോ മാപ്പിള ഫാക്ടറികൾക്കും, പ്ലൈവുഡ് കമ്പനികൾക്കും വിദേശക്കമ്പനികൾക്കുമെന്നവണ്ണം അനുവദിച്ചു കൊടുക്കുന്ന വെള്ള മരങ്ങൾ നിഷ്പ്രയാസം അനുവദിച്ചുകൊടുക്കണം. അതുകൊണ്ട് നമ്മുടെ രാജ്യത്തിലെ ആളുകൾക്കു കൂടുതൽ ജോലി ഉണ്ടാകും. അടുത്തു തുടങ്ങി എന്നു പറഞ്ഞ തീപ്പെട്ടിക്കമ്പനിക്കു അവർ വീണ്ടും വീണ്ടും അപേക്ഷകളും അയച്ചിട്ടും ഇതുവരെ പൂളമരങ്ങൾ അനുവദിച്ചു കൊടുത്തിട്ടില്ല. ഈ സംഗതികൾ ഗവർമ്മെണ്ടിനെ ധരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, അവ്യക്തമായി ഇവിടെ പറഞ്ഞിട്ടുള്ള പല കാര്യങ്ങൾക്കും മറുപടി പറയുവാൻ വേണ്ട വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. ഈ ഉപക്ഷേപത്തിൽ പറയുന്നതു് ഗവർമ്മെണ്ട് കാട്ടിലെ പൂളമരങ്ങൾ പുറംരാജ്യത്തെ കമ്പനികൾക്കു കരാർ ചെയ്ത സാഹസപ്രവൃത്തിയെ പ്രതിഷേധിക്കുവാൻ എന്നാണ്. ഏതു കരാറിനെ ഉദ്ദേശിച്ചാണ് ഈ ഉപക്ഷേപം കൊണ്ടുവന്നതെന്നു ബഹുമാനപ്പെട്ട മെമ്പർമാരുടെ പ്രസംഗങ്ങളിൽ നിന്നു് വ്യക്തമാകാൻ കഴിഞ്ഞിട്ടില്ല. മുൻ റിക്കാർഡുകളും പരിശോധിച്ചതിൽ സാഹസമായി യാതൊന്നും ഗവർമ്മെണ്ട് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളതായി കാണുന്നില്ല. West Coast Manufacturing Company ക്കു ൪൦൦൦ ടൺ പൂള മരങ്ങൾ കരാർ കൊടുത്തിട്ടുണ്ട്. അതിനെപ്പറ്റിയാണ് ആക്ഷേപമെന്നു് ഇവിടെ വ്യംഗ്യമായും മറ്റും പറഞ്ഞതിൽ നിന്നു ഞാൻ അനുമാനിക്കുന്നു. അവർക്കു കൊടുത്തിട്ടുള്ളതു് ടണ്ണിനു് ൯൦ രൂപ പ്രകാരമാണ്. എന്നാൽ ആ മരങ്ങൾ വെട്ടാനും ട്രാൻസ്പോർട്ടു ചെയ്യാനുമുള്ള ചുമതല ആ കമ്പനിക്കുതന്നെയാണ്. ഇതു ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ നിന്നു വെട്ടിച്ചു് ഡിപ്പോവിൽ കൊണ്ടുവന്നു വില്ക്കുന്ന തരത്തിലുള്ള കരാറല്ല. റിക്കാർഡുകളിൽ നിന്നു് കാണുന്നതു് ആ പ്രവൃത്തികളുടെ ചിലവുകൂടി നോക്കിയാൽ ടണ്ണിനു് ൯൦ രൂപയിൽ കവിയുമെന്നാണ്. ഇങ്ങിനെയുള്ള സാങ്കേതികങ്ങളായ കാര്യങ്ങളെപ്പറ്റി ഈ അവസരത്തിൽ പറയുവാൻ ഞാൻ ശക്തനല്ല. അങ്ങിനെ ൪൦൦൦ ടൺ പൂള മരത്തിനുള്ള കരാറു് അവർക്കു കൊടുത്തതോടുകൂടി കൊച്ചിയുടെ ആവശ്യത്തിനുള്ള തീപ്പെട്ടികൾ കൊടുത്തുകൊള്ളാമെന്ന ഒരു മറുകരാറുമുണ്ട്. അങ്ങിനെ തീപ്പെട്ടികൾക്കു ക്ഷാമമുണ്ടായിരുന്ന കാലത്തു് കൊല്ലം തോറും വലിയൊരു സംഖ്യക്കു തീപ്പെട്ടികൾ കിട്ടുമെന്നുള്ളതു ഈ കൺട്രാക്ടിന്റെ വലിയൊരു ഗുണഭാഗമാണ്. അതുകൊണ്ട് ഗവർമ്മെണ്ടിനു ഈ കരാർ നല്ലതാ

*Speech not corrected by the Hon'ble member

LIBRARY ARCHIVES Kerala Legislative Assembly

* [Mr. P. Govinda Menon]

യിട്ടാണ് തോന്നുന്നതു്. അതു സാഹസമാണെന്നു തോന്നുന്നില്ല. നമ്മുടെ പൂളമരങ്ങൾ കച്ചവടം ചെയ്യേണ്ടതു് ആവശ്യമാണെങ്കിൽ, ഈ രാജ്യത്തിലെ ആവശ്യക്കാരുടെ ആവശ്യങ്ങൾ തള്ളി മറ്റു രാജ്യക്കാരുടെ ആവശ്യങ്ങൾ സ്വീകരിക്കുകയാണ് ചെയ്യുന്നതെങ്കിൽ അതിൽ അല്പം തെറ്റുണ്ട്. പക്ഷെ, ഈ രാജ്യത്തിലെ ആവശ്യക്കാരുടെ ആവശ്യങ്ങൾ ഒന്നും തള്ളിയതായി കാണുന്നില്ല. ഇതിൽ കൂടുതലായി ഒന്നും എനിക്കിതിനെ പറ്റി പറയുവാനില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ മാതിരിയുള്ള കരാറ് വേറേ ഏതെങ്കിലും കമ്പനികൾക്ക് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വക കാര്യങ്ങൾ ഈ റേറിനു ഇവിടത്തെ ഏതെല്ലാം കമ്പനികൾക്കും കരാറ് കൊടുത്തിട്ടുണ്ട്? അതെന്താണു എന്നും മറ്റു ചോദിച്ചാൽ ഉത്തരം പറയണമെങ്കിൽ നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡീവർ; ഈ കരാറു എന്നാണു ചെയ്തതു്?

ഉത്തരമില്ല.

മിസ്റ്റർ സി. വി. ഇയ്യു: ചാലക്കുടിയിൽ ഒരു കമ്പനി പൂളമരം കിട്ടാത്തതുകൊണ്ടു് Work ചെയ്യുവാൻ നിവൃത്തിയില്ലാതെ കിടപ്പുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഓരോ കമ്പനികൾ അവിടെയുണ്ടോ, ഇവിടെയുണ്ടോ എന്നു ചോദിച്ചാൽ അതിനു മറുപടി പറയുവാൻ ബുദ്ധിമുട്ടാണ്. ഈവക വ്യവസായങ്ങൾക്കു നാട്ടിലെ വിലയനുസരിച്ചു ഫോറസ്റ്റിലെ അസംസ്കൃത പദാർത്ഥങ്ങൾ കൊടുക്കുവാൻ ഗവണ്മെണ്ടു് ഒരുക്കമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ കരാറു തുടർന്നുകൊണ്ടുപോകുവാനാണോ ഉദ്ദേശം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കരാറു ഒ കൊല്ലത്തേയ്ക്കാണെന്നു കുന്നംകുളം മെമ്പർ പറഞ്ഞതു ശരിയല്ല. ഒരുകൊല്ലത്തേയ്ക്കു മാത്രമുള്ളു. അതുപോലും കാലം തുടരും.

മിസ്റ്റർ വി. കെ. ജോസഫ്: സർ, സാങ്കേതികമായ സംഗതികൾ ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ഗവണ്മെണ്ടിനു മറുപടി പറയുവാൻ സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടും അടുത്ത അവസരത്തിൽ മറുപടി കിട്ടുമെന്നു പ്രതീക്ഷയുള്ളതുകൊണ്ടും ഞാൻ ബഹുമാനപ്പെട്ട സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 2

* മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs. 7,95,251 For 1-Forest (A) conservancy and works in Damand No. 14 by Re. 1. (മലയാറ്റൂർ തേക്കിൻതോട്ടം കൃഷിക്കാക്കും താമസക്കാക്കും പതിച്ചുകൊടുക്കുന്നതിനെപ്പറ്റി സംസാരിപ്പാൻ)

സർ, ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു് മലയാറ്റൂർ അങ്ങാടിയുടെ അടുത്തു് കൃഷിക്കുകൊള്ളാവുന്ന കുറെ സ്ഥലം കിടപ്പുണ്ടു്. അതിൽ കുറെ തേക്കിൻമരം നില്ക്കുന്നതുകൊണ്ടു് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിന്റെ കീഴിലാണതു് ഇപ്പോൾ ഇരിക്കുന്നതു്. ആ തടികൾ നീക്കംചെയ്തു കൃഷിക്കാക്കോ അല്ലെങ്കിൽ താമസക്കാക്കോ പതിച്ചുകൊടുത്താൽ തരക്കേടില്ല. ആ സ്ഥലം പുഴയുടെ വക്കിലുള്ള ഒരു സ്ഥലമാണു്. നല്ല വിളവുണ്ടാകാവുന്ന ഒരു ഭൂമിയാണതു്. ഇതൊരു പ്രാദേശികകാര്യമായിട്ടു എടുത്താൽ പോരാ, General ആയി തന്നെയെടുക്കേണ്ടതായ ഒരു കാര്യമാണു്.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, മലയാറ്റൂർ ഉള്ള കാടു് ഞാൻ കണ്ടിട്ടില്ല. പക്ഷെ ആ കാടു് അവിടത്തെ ഒരു Productive Forest എന്ന നിലയിൽ നിലനിർത്തിക്കൊണ്ടുവരുന്നു എന്നാണു് ഞാൻ അറിയുന്നതു്. ആലുവാപ്പുഴയുടെ തീരത്തു് Erosion ഇല്ലാതിരിക്കുന്നതിനു ആ കാടു് അവിടെ ആവശ്യമാണു്. ഇതാണു് ഗവണ്മെണ്ടിന്റെ നില കാടുവെട്ടിതെളിച്ചു നാടാക്കി കൃഷിക്കു പതിച്ചുകൊടുക്കുക എന്നു പറയുന്നതു് പ്രഥമദൃഷ്ട്യായിൽ ന്യായമുള്ള കാര്യമാണെങ്കിലും അതു പലപ്പോഴും ദോഷമായിട്ടു പരിണമിച്ചുക്കാം. കാടുതന്നു നമുക്കു് ആദായംതരുന്ന ഒരു കാടു്, നാടിന്റെ Climatic Condition, Erosion ഇല്ലാതിരിക്കുക ഇങ്ങിനെയുള്ള കാര്യങ്ങൾക്കു രക്ഷനല്കുവാനുള്ള കാടു്, ഇങ്ങിനെ ഫോറസ്റ്റിനെ തരംതിരിച്ചു കാണേണ്ടതുണ്ടു്. മലയാറ്റൂരിലെ കാടു് വെട്ടിക്കളയുകയാണെങ്കിൽ

Speech not correeted by the Honble member.

LIBRARY ARCHIVES Kerala Legislative Assembly

വളരെ ദോഷമുണ്ടാകുമെന്നാണ് പറയുന്നത്. അതുകൊണ്ട് അതു പതിച്ചുകൊടുക്കാമോ എന്നുള്ളതിന്നനുകൂലമായ ഒരു മറുപടിപറയുവാൻ ഗവർമ്മെണ്ടിന്ന നിവൃത്തിയില്ല.

* മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ബഹുമാനപ്പെട്ട മന്ത്രി അവർകൾ ആ സ്ഥലം കണ്ടിട്ടില്ലെന്ന പറയുന്നതുകൊണ്ട് അടുത്ത അവസരത്തിൽ അവിടെ പോയി സ്ഥലം നോക്കി കണ്ടതിന്നശേഷം ഈ കാര്യം തീർച്ചയാക്കിയാൽ കൊള്ളാമെന്ന വിചാരിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിന്ന സഭയുടെ അനുവാദം ആവശ്യപ്പെട്ടുകൊള്ളുന്നു.

Motion, by lave, withdrawn

CUT MOTION No. 3.

മിസ്റ്റർ വി. കെ. ജോസഫ്: To reduce the allotment of Rs. 72,428, for forest and Tramway (2) Tramway in Demand no. 14 by Re. 1. *To impress upon the Government the necessity of improving the Tramway workshop and converting it into a factory where agricultural implements iron tools etc, are manufactured.* സർ, എല്ലാവിധത്തിലും വ്യവസായങ്ങൾകൊണ്ട് വലിയ നേട്ടങ്ങളുണ്ടാകുമെന്ന് എല്ലാവരും സമ്മതിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വലിയ അസംകയ്യുമില്ലാത്തതും വലിയ പണച്ചിലവു ഇല്ലാത്തതുമായ ഒരു വ്യവസായം നടത്തുവാൻ ഉള്ള സാദ്ധ്യതയെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചാലക്കുടിയിൽ ഇന്ന വർക്ഷാപ്പുണ്ട്. അവിടെ ആദ്യകാലങ്ങളിൽ വളരെ കായ്മയ പണികളെല്ലാം നടന്നിരുന്ന എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ വർക്ഷാപ്പിൽ യാതൊരുജോലിയും നടക്കുന്നില്ല. അവിടെയുള്ള യന്ത്രങ്ങളെല്ലാം ജോലിചെയ്യാതെ മുടങ്ങിക്കിടക്കുകയാണ്. ആ നിലക്ക ആ വർക്ഷാപ്പിനെ ഒരു ഫാക്ടറിയായി ഭേദപ്പെടുത്തി ഒന്നാംതരം വർക്ഷാപ്പാക്കിതീർത്തു നമുക്ക ആവശ്യമുള്ള ഇരിമ്പായുധമെങ്കിലും അവിടെയുണ്ടാക്കുന്നപക്ഷം അതു കൊച്ചിസംസ്ഥാനത്തിന്ന ഒട്ടാകെ വലിയ ഒരു നേട്ടമായിരിക്കും. ഇന്നിപ്പോൾ കൃഷിക്കാവശ്യമുള്ള ഇരിമ്പായുധങ്ങളെല്ലാം പുറമെനിന്ന വാങ്ങിക്കുന്നതുകൊണ്ട് നമുക്കിവിടെ പറവന്നതരത്തിലുള്ള ആയുധങ്ങളല്ല കിട്ടുന്നതു്. പുറംരാജ്യങ്ങളിൽനിന്ന വരുന്ന തുമ്പ ഉപയോഗശൂന്യമാണ്. അതു നമ്മുടെനാട്ടിൽ നാലുപ്രാവശ്യം കിളച്ചുകഴിഞ്ഞാൽ വെറും ഉപയോഗശൂന്യമായിപ്പോകും. ഈ വർക്ഷാപ്പു നന്നാക്കി ഇവിടേക്ക ആവശ്യമുള്ള, നമ്മുടെരാജ്യത്തേക്ക പറവന്നതരത്തിലുള്ള ആയുധങ്ങൾ ഉണ്ടാക്കുന്നതു് കുറച്ചുകൂടി നന്നായിരിക്കും. വലുതായ മുതലിറക്കുകൂടാതെതന്നെ യന്ത്രങ്ങൾ വെറുതെ കിടക്കുന്നതുകൊണ്ട്അവയെ അതിന്ന ഉപയോഗിക്കുന്നതു നന്നായിരിക്കും. കൂടാതെ ഗവർമ്മെണ്ടിന്ന അതിൽനിന്ന ആദായവും കിട്ടും. ഗവർമ്മെണ്ടിൽ നിന്ന പറയുമായിരിക്കും ഇപ്പോൾ കരൻറുകൊടുക്കുവാൻ നിവൃത്തിയില്ലാത്ത ഈ കാലത്തു ഇങ്ങിനെയുള്ള ഒരു വർക്ഷാപ്പു് തുടങ്ങുന്നതിന്ന വളരെ ബുദ്ധിമുട്ടാണെന്നു്. അതിന്ന എനിക്ക പറയുവാനുള്ളതു് ആദ്യകാലങ്ങളിൽ ഈ വർക്ഷാപ്പു കരൻറുകൊണ്ടല്ല നടന്നിരുന്നതു് എന്നാണ്. ആവിയുടെ സഹായത്താൽ നടക്കുന്ന യന്ത്രങ്ങളാണു് അവിടെയുള്ളതു്. അതുകൊണ്ട് ആ വക ശക്തികളുപയോഗിച്ചു അതു പ്രവൃത്തിയിലാക്കുന്നതിനും അടുത്തുതന്നെ അതു് ഒരു ഒന്നാംകിട വർക്ഷാപ്പായി രൂപാന്തരപ്പെടുത്തുന്നതിന്നും വേണ്ട നടപടികളെടുക്കുന്നതിന്ന ഗവർമ്മെണ്ടിനോടു അപേക്ഷിച്ചുകൊണ്ട് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡിവർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ വർക്ഷാപ്പിനെ ഒരു നല്ല വർക്ഷാപ്പാക്കി തീർക്കേണ്ട ആവശ്യം നമുക്ക നേരിട്ടുണ്ടു്. ഇന്ന ചാലക്കുടിയിലുള്ള വർക്ഷാപ്പിൽ കുറെ കസാലകളും മേശകളുമാണ് പണിതുവരുന്നതു്. കസാലകളും മേശകളും കൂടാതെ മരംകൊണ്ടുള്ള മറെറ പല സാധനങ്ങളും അവിടെ പണിതു നാട്ടുകാക്ക കൊടുക്കുവാൻ കഴിയും. ഇപ്പോൾ വീടു പണിയുന്നതിന്നുള്ള മരസാധനങ്ങൾ കിട്ടുന്നതിന്ന നാട്ടുകാക്ക വളരെ ബുദ്ധിമുട്ടുണ്ട്. അവിടെ സ്റ്റാൻറേർഡു സൈസിലുള്ള കതകുകൾ, ജനാലുകൾ, കഴുക്കോലുകൾ ഇവകളും വീടിന്നാവശ്യമായ മറെറ ചില ഉപകരണങ്ങളും ഉണ്ടാക്കി ആദായകരമായവിധത്തിൽ നാട്ടുകാക്ക കൊടുക്കുവാനും അതുമൂലം വളരെ അധികം ആളുകൾക്ക പണിയുണ്ടാക്കുവാനും സാധിക്കും. ഗവർമ്മെണ്ടിന്

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

നല്ലൊരു ലാഭവും കിട്ടും. അതുപോലെതന്നെ നമുക്കാവശ്യമുള്ള ഇരിമ്പായുധങ്ങളും മറ്റും അവിടെയുണ്ടാക്കുവാൻ കഴിയും. ഇപ്പോൾ ഇവിടെ പരസ്പരസഹായസംഘാടിസ്ഥാനത്തിൽ ഒരു ഗൃഹനിർമ്മാണപദ്ധതി ആരംഭിച്ചിട്ടുണ്ട്. ചെറിയതരത്തിലുള്ള വീടുകളുണ്ടാക്കി വിതരണംചെയ്യുകയാണ് അവരുടെ പ്രധാന ഉദ്ദേശം. എന്നാൽ അവക്ക് വേണ്ടത്ര പ്രോത്സാഹനം ഗവൺമെണ്ടിൽനിന്നും വിശിഷ്യ Forest Department ൽ നിന്നും ലഭിക്കാത്തതുകൊണ്ട് അവർ വളരെ ബുദ്ധിമുട്ടുകയും ഉണ്ടായിട്ടുണ്ട്. അവർ ഓപ്പൺ മാർക്കറ്റിൽ നിന്നു മരവും മറ്റും വാങ്ങി പണിയേണ്ടിവന്നതുകൊണ്ട് ഈ വീടുകളുടെ വില വളരെ വർദ്ധിച്ചുപോയിരിക്കുന്നു. വീടുപണിക്കാവശ്യമായ സാധനങ്ങളെല്ലാം ഒരു സ്റ്റാന്റേർഡ് സൈസിൽ ഉണ്ടാക്കി ആ ഫാക്ടറിയിൽനിന്നു വിതരണം ചെയ്യുന്നതായാൽ ഗൃഹനിർമ്മാണപദ്ധതിയുടെ വിജയത്തിനു വലിയൊരു സഹായമായിരിക്കും. ഈ കാര്യംകൂടി ഗവർമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മിസ്റ്റർ സി. വി. ഇയ്യു: സർ ബഹുമാനപ്പെട്ട തൊഴിലാളിമെമ്പർ ചാലക്കുടി വക്കുഷാപ്പ് കൂടുതൽ പ്രയോജനമായി ഭവിക്കത്തക്കവിധത്തിൽ ചില കാര്യങ്ങളും നിർദ്ദേശിച്ചതിനോടു ഞാനും യോജിക്കുന്നു. കൂടുതലായി എനിക്കൊരു സംഗതി പറയുവാനുള്ളതു് വക്കുഷാപ്പിൽ നിരുപയോഗമായി കളയുന്ന മരക്കഷണങ്ങളിൽനിന്നു കളിക്കോപ്പുകളും ഉണ്ടാക്കുവാൻ സാധിക്കുമെന്നുള്ളതാണ്. ഒരു കളിക്കോപ്പു വ്യവസായശാലയുംകൂടി ഇവിടെ ഉണ്ടാക്കുന്നതു നന്നായിരിക്കും. അതു ഗവൺമെണ്ടിനു ആദായവുമായിരിക്കും. നമ്മുടെ രാജ്യത്തേക്കു വളരെ സംഖ്യക്കു കളിക്കോപ്പുകളും ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ മാതിരി ഒരു കളിക്കോപ്പു വ്യവസായശാല തിരുവിതാംകൂറിലും മദിരാശിയിലുമുണ്ട്. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഒരാളേയൊ അല്ലെങ്കിൽ ഏതെങ്കിലും ഒരു മെമ്പറേയൊ തിരുവനന്തപുരത്തേക്കു അയച്ചു് അതിന്റെ സാദ്ധ്യതകളും എത്രകണ്ടു് ഈ വക്കുഷാപ്പുകൊണ്ടു് സാധിക്കുമെന്നു നോക്കി ആദായകരമായ വിധത്തിൽ ഒരു കളിക്കോപ്പു വ്യവസായശാല കൂടി ഉണ്ടാക്കിയാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ചാലക്കുടിയിലെ Tramway work shop വികസിപ്പിച്ചു് അവിടെ ഒരു Ply wood work shop തുടങ്ങുന്നതിനു ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടുണ്ട്. ചാലക്കുടിയിലുള്ള വക്കുഷാപ്പിൽ കൃഷിക്കുവേണ്ട ആയുധങ്ങളും അതായതു് കൈക്കോട്ട്, വെട്ടുകത്തി, തൂമ്പ മുതലായ ആയുധങ്ങളും ഉണ്ടാക്കേണ്ട കാര്യത്തെപ്പറ്റി ഗവൺമെണ്ടു് ഇതുവരെ ആലോചിച്ചിട്ടില്ല. അതു അവിടെ ഉണ്ടാക്കുവാൻ സാധിക്കുമോ എന്നതിനെപ്പറ്റി അന്വേഷണവും നടത്തിയിട്ടില്ല. അതിനു അവിടെ എത്രത്തോളം സാദ്ധ്യതകളുണ്ടെന്നു പറയുവാൻ ഗവൺമെണ്ടിന്റെ വശം രേഖകളുമില്ല. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയതുകൊണ്ടും കൃഷിക്കാർക്കു ആവശ്യമുള്ള ഉപകരണങ്ങളും ഉണ്ടാക്കേണ്ടതു് ഏറ്റവും അത്യാവശ്യമായ കാര്യമായതുകൊണ്ടും അതു നടത്തേണ്ട കാര്യത്തിലുള്ള സാദ്ധ്യാസാദ്ധ്യതകളെപ്പറ്റി ഗവൺമെണ്ടു് ഉടനെ ആലോചിക്കുന്നതാണ്.

മിസ്റ്റർ വി. കെ. ജോസഫ്: സർ, ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു തന്നിരിക്കുന്ന അറിവിന്റെ വെളിച്ചത്തിൽ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു് സഭയുടെ അനുമതി അപേക്ഷിക്കുന്നു.

Motion, by leave, withdrawn.

CUT MOTION No. 4

*മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: To reduce the allotment of Rs. 2,27,600 for Forest Establishment in Demand No. 14 by Re. 1. (ചൊവ്വര ഫോറസ്റ്റ് ടാണാ ആപ്പീസ്സു നിലനിർത്തൽ ചെയ്യുന്നതിനെപ്പറ്റി പ്രതിപാദിപ്പാൻ) സർ, ചൊവ്വര വില്ലേജിൽ ഒരു ഫോറസ്റ്റ് ടാണാവുണ്ട്. ഫോറസ്റ്റ് ടാണാവിന്റെ ഉദ്ദേശം ഫോറസ്റ്റ് ഏരിയായുടെ പുറത്തേക്കു കൊണ്ടുപോകുന്ന സാധനങ്ങൾ പ്രെക്കചെയ്യുന്നതിനാണ്. ചൊവ്വര വില്ലേജിൽ ടാണാ ആപ്പീസു നില്ക്കുന്ന സ്ഥലം കൊച്ചികണയന്നൂർ താലൂക്കിൽ ആകെ ഫോറസ്റ്റ് ഏരിയായായിട്ടു കണക്കാക്കിയിട്ടുള്ള മലയാറ്റൂർ ആണ്. മലയാറ്റൂരിൽനിന്നു പുറത്തേക്ക

* Speech not corrected by the Hon'ble member

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന സാധനങ്ങൾ ചെക്കുചെയ്യുന്നതിന്നാണു് ഈ ടാണാവു് എങ്കിൽ അതു് പുഴയുടെ അരികിൽനിന്നു ¼ ൦ മൈൽ അകലെയാണു് സ്ഥിതിചെയ്യുന്നതു്. ഈ പുഴ ഒഴുകിപ്പോകുന്നതു് തിരുവിതാംകൂറിൽക്കൂടിയാണു്. മലയാറ്റൂർ വിട്ടുകഴിഞ്ഞാൽ ടാണാവു സ്ഥാപിച്ചിട്ടുള്ള പുഴ എത്തുന്നതുവരെ രണ്ടുഭാഗവും തിരുവിതാംകൂറാണു്. അതുകൊണ്ടു് ടാണാ വേണമെങ്കിൽ അതു മലയാറ്റൂരിലാണു് വേണ്ടതു്. ചൊവ്വരയിൽ ആവശ്യമില്ല. അതിനും പുറമെ ഈ ടാണാ ചൊവ്വര നില്ക്കുന്നതുകൊണ്ടു് നാട്ടുകാക്കു വളരെ ദോഷവുമുണ്ടു്. വെള്ളാരപ്പിള്ളി നാലു വില്ലേജുകളാണു്. ഈ നാലു വില്ലേജുകളിൽ നിന്നു വഞ്ചിവഴിക്കു വന്നാൽഈ ടാണാവിൽ അടുത്തു ചെക്കുചെയ്യണം. കമ്പളങ്ങ, മത്തങ്ങ മുതലായിട്ടുള്ള സാധനങ്ങൾ കയറ്റി കൊണ്ടുവരുന്ന വഞ്ചി അവിടെ അടുപ്പിച്ചു് ചെക്കുചെയ്തിട്ടേ വിടുകയുള്ളു. ഈ ടാണാവു് വളരെ ഉപദ്രവമായിട്ടുള്ള സ്ഥാപനമായിട്ടു വന്നുകൂടിയിട്ടുണ്ടു്. അതുനിവൃത്തികഴിഞ്ഞാൽ ജനങ്ങൾക്കു വളരെ ഉപകാരവും ഗവർമ്മെണ്ടിന്നു ആദായവുമായിരിക്കും.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, മലയാറ്റൂർ വില്ലേജിൽ കൊച്ചിഗവർമ്മെണ്ടുവക കാടിന്റെ നാലുഭാഗവും തിരുവിതാംകൂർ സംസ്ഥാനമാണു്. അപ്പോൾ മലയാറ്റൂർ വില്ലേജിലെ കാട്ടിൽനിന്നു മലംചരക്കുകൾ കളവായിട്ടു കടത്തിക്കൊണ്ടുപോകുന്നതു് ചെക്കുചെയ്യുവാനാണു് ഈ ടാണാ അവിടെ വെച്ചിരിക്കുന്നതു്. ചൊവ്വരയിൽ മാത്രമെ അതു വെക്കുവാൻ പാടുള്ളു. കാരണം തിരുവിതാംകൂർ സംസ്ഥാനത്തു കൊച്ചി ഗവർമ്മെണ്ടിന്റെ ടാണാവു വെക്കുവാൻ നിവൃത്തിയില്ല. പുഴവഴിക്കു സാമാനങ്ങൾ വരുന്നതു ചെക്കുചെയ്യണമെങ്കിൽ അതിന്നു ഏറ്റവും സൗകര്യമുള്ള സ്ഥലം ചൊവ്വരതന്നെയാണു്. മലയാറ്റൂർ വില്ലേജിൽ വെച്ചാൽ പോര. ഫാറസ്റ്റിൽനിന്നു പുറത്തേക്കുവരുന്ന തടികൾ ചെക്കുചെയ്യുന്നതിന്നു വേണ്ടിയാണു് അവിടെ ഒരു ടാണാ വെച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: മലയാറ്റൂരിൽ നിന്നു വിട്ടാൽ തിരുവിതാംകൂർ പുഴയിൽ കൂടിയാണു പോകുന്നതു്. അപ്പോൾ അവിടെ ചെക്കുചെയ്യണ്ടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതുവഴിക്കായാലും ചൊവ്വരയിൽ വന്നിട്ടുവേണം പോകുവാൻ.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ചൊവ്വര കഴിഞ്ഞാൽ ഫോറസ്റ്റ് ഏരിയ ഇല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മലയാറ്റൂരിൽനിന്നു മലംചരക്കുകൾ പോകുവാനുള്ള ഒരു പുഴവഴിയാണു് പെരിയാർ. അപ്പോൾ ചൊവ്വരയിൽ ടാണാ ആവശ്യമാണെന്നാണു് ഇത്രകാലമായിട്ടും തെളിവുതരുന്നതു്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ¼ ൧൬ മൈൽ അകലെയാണു് ഈ സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ടു് ഇതിന്റെ ആവശ്യമില്ലല്ലൊ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മലയാറ്റൂരിലെ കാട്ടിൽനിന്നൊടുക്കുന്ന മലംചരക്കുകൾ ഈവഴിക്കുതന്നെ വരാതെ നിവൃത്തിയില്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: കാലടിവഴിക്കു പോയാലൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇങ്ങിനെയുള്ളതു് ചൊവ്വരയിൽചെന്നു ചെക്കുചെയ്യാതെ നിവൃത്തിയില്ല. കാട്ടിൽനിന്നും ¼ ൦ നാഴിക ദൂരെയാണു് ടാണാ എന്നുവെക്കുക. ആവഴിക്കുവരുന്നതു ചെക്കുചെയ്യുവാനാണു് അതുകൊണ്ടുള്ള ഉപയോഗം. വേറെ വഴിക്കു പോകുന്നതു ആ ആപ്പീസറെക്കൊണ്ടു് ചെക്കുചെയ്യുവാൻ സാധ്യമല്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: കൊച്ചികണയന്നൂർ താലൂക്കിൽ മലയാറ്റൂർ വില്ലേജിൽ മാത്രമെ ഫാറസ്റ്റുള്ളു. വെള്ളാരപ്പിള്ളി അതിൽപെട്ടതല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ പറയുന്നതു മലയാറ്റൂർ മലയിൽ നിന്നു വരുന്ന ചരക്കുകൾ ചെക്കുചെയ്യുന്നതിന്നാണു് അവിടെ ഒരു ടാണാ ഉള്ളതു്. അവിടെയുള്ള ഉദ്യോഗസ്ഥൻ ദുരധികാരം കാണിച്ചിട്ടുണ്ടെങ്കിൽ ഈ ടാണാ എടുത്തുകളയുകയല്ല വേണ്ടതു്; അതു മേലാൽ ഉണ്ടാകാതിരിക്കുവാൻ നോക്കണം. ഒരുത്തൻ കുറ്റം ചെയ്താൽ അവന്റെ വംശംതന്നെ ഇല്ലാതാക്കണമെന്നു പറയുന്നതു ശരിയല്ല. ഗവർമ്മെണ്ടിന്റെ അഭിപ്രായം ഈ ടാണാ അവിടെത്തന്നെ വേണമെന്നാണു്.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ആൾക്കാക്കു ഉപദ്രവം ഉണ്ടാകാതിരിക്കുവാൻ തിരുവിതാംകൂറിന്റെ പടിഞ്ഞാറെ അറ്റത്തു ടാണാ വെച്ചാൽ മതിയല്ലൊ.

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഴത്തേക്കാൾ കൂടുതൽ സൌകര്യമായ സ്ഥലമുണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: സർ, ഈ കാര്യത്തിൽ, മറുപടി തീരെ തൃപ്തികരമല്ല. അവിടത്തെ സ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടായിരിക്കാം ഇങ്ങിനെ പറഞ്ഞതെന്നു വിചാരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അവർകൾ അതിനെപ്പറ്റി വേണ്ടപോലെ ആലോചിച്ചു ശേഷം തീർച്ചയാക്കിയാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn.

CUT MOTION No. 5.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: "To reduce the allotment of Rs. 11,83,580 for Forests & Tramway (Total) in Demand No. 14 by Re/- *(To bring home to the Government the prevalance of corruption in the Department.)*"

സർ, അഴിമതി എന്നു പറയുമ്പോൾ, എല്ലാ ആളുകൾക്കും ഒരു കളിയാക്കലുണ്ട്. തെളിയിക്കാൻ സാധിക്കുമോ എന്നാണ് പിന്നത്തെ ചോദ്യം. തെളിയിക്കാൻ സാധിക്കുമെങ്കിൽതന്നെ അതിന്നടുത്തെത്തുമ്പോൾ വളരെ അപകടമായി കലാശിക്കും. ഒടുവിൽ കുറെ ഈ മാഗത്തേക്ക് ആക്കിത്തീർക്കുവാൻ സർക്കാരിനു വളരെ എളുപ്പത്തിൽ സാധിച്ചേക്കും. ഒരു പക്ഷെ നമ്മുടെ രാജ്യത്തല്ലെങ്കിലും പുറമെയുള്ള രാജ്യങ്ങളിൽ അഴിമതികളുണ്ടെന്നു തെളിഞ്ഞിട്ടുണ്ട്. ചില രാജ്യങ്ങളിലെ മന്ത്രിമാരെപോലും ഇത്തരം അഴിമതികളുടെ പേരിൽ വിസ്തരിക്കുവാനും മറ്റും ഇടവരുന്നുണ്ടെന്നു പത്രങ്ങളിൽ കാണുന്നുണ്ട്. തൽക്കാലം നമ്മുടെ ആളുകളുടെ ഇടയിൽ ഉണ്ടായതായി തെളിയിക്കുവാൻ പ്രയാസമായാലും പൊതുവെ അഴിമതികൾക്കു പ്രസക്തിയുണ്ടെന്നുള്ളതിനു സംശയമില്ല. ഉദ്യോഗസ്ഥന്മാരുടെ, പ്രത്യേകിച്ചു ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അധികാരമെന്നുള്ളതിനും, നിയമത്തെ സ്വയം വ്യാഖ്യാനിച്ചു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം എന്നത്തുമിരിക്കുന്നിടത്തോളം കാലം ഈ പറഞ്ഞ അഴിമതിക്കു പ്രസക്തിയില്ലാതെ വരികയില്ല. പൊതുവിൽ പറയുകയാണെങ്കിൽ താഴ്ന്ന ഉദ്യോഗസ്ഥന്മാർ അവരുടെ മീതെയുള്ള ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള ഭയംകൊണ്ടും കാര്യനിർവ്വഹണത്തിനുള്ള കഴിവുകേടുകൊണ്ടും വൈദഗ്ധ്യക്കുറവിനാലും അഴിമതിക്കു വശംവദരായി തീരുന്നില്ലെന്നു വരാം. എന്നാൽ സ്വാധികാരത്തെ സന്ദർഭോചിതമായി വ്യാഖ്യാനിച്ചു പ്രവർത്തിക്കാവുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സ്വാതന്ത്ര്യം നിയന്ത്രിക്കാതിരിക്കുന്നിടത്തോളം കാലം ചില ചില അഴിമതികൾ വന്നുപോയെന്നു വരാം. ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടിലെ അധികാരികളുടെ ഇടയിൽ അഴിമതികൾ ധാരാളമുണ്ടെന്നു കേൾക്കുന്നുണ്ട്. ഏതാണ്ടൊരു വാസ്തവം ആ കേൾവിക്കുണ്ടെന്നാണ് തോന്നുന്നതു്. എത്രത്തോളം വിവരങ്ങൾ ഗവർമ്മെണ്ടിനു ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു് എനിക്കറിവില്ല. ആളുകൾ പറയുന്നതു് മുഴുവൻ ശരിയാകയില്ലായിരിക്കാം. എന്നാലും ചിലതു് സംഭവിച്ചതായി എനിക്കറിയാം. അടുത്തയിടെ മായൊരു യന്ത്രം കൊച്ചിരാജ്യത്തെ ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടിൽനിന്നും വരുത്തിയിരുന്നുവെന്നും അതു് കാട്ടിൽ കയറി മരം വെട്ടാൻ ഉപയോഗിക്കുന്നതാണെന്നും, എന്നാൽ അതു് ഇവിടെ വന്നതിനു ശേഷം ശരിക്കു പ്രവർത്തിക്കുന്നതായി അറിയുന്നില്ലെന്നും കേട്ടിട്ടുണ്ട്. അതു് വിടെ വന്നശേഷം ഒന്നോരണ്ടോ തവണ ഉപയോഗിച്ചു എന്നും പിന്നീടു് അതു് ഉപയോഗിക്കാറില്ലെന്നും ഒക്കെയാണ് പറയുന്നതു്. സർക്കാർ ലോറികൾ ഉപയോഗിച്ചു് വിറകു് കൊണ്ടുവരുന്ന ഏർപ്പാടിലും അഴിമതികൾ സാധാരണയാണെന്നറിയുന്നു. പ്രത്യേകിച്ചു് ആ ലോറികളിൽനിന്നും മറ്റു യന്ത്രങ്ങളിൽനിന്നും Spare-parts മറ്റൊരാളുടെ അത്തരം യന്ത്രങ്ങളിൽനിന്നും പോകാവുള്ളതിനേക്കാൾ കൂടുതൽ പോകാവുണ്ടത്രെ—പെട്രോൾ ആദിയായവയെ സംബന്ധിച്ചും, അഴിമതികൾ നടക്കുന്നതായി അറിയുന്നുണ്ട്. Timber wealth ധാരാളം ഉള്ള ഈ ഡിപ്പാർട്ടുമെണ്ടിൽ അഴിമതികൾ ഉണ്ടോ എന്നു് നിഷ്കൃഷ്ടമായനേഷണം നടത്തി ഉള്ളതായി കാണുന്ന അഴിമതികളെ അമർച്ച ചെയ്യുവാൻ തക്ക നടപടികളെടുക്കണമെന്നു് ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. പി. സീതാരാമൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ട് കറപ്ക്ഷൻ എന്നുള്ളതിന്റെ പയ്യായമായിട്ടാണ് ഇപ്പോൾ ജനങ്ങളുടെ ഇടയിൽ സംസാരിക്കുന്നത്. അഴിമതി അല്പാല്പമുണ്ടാകുമെന്നു് എന്റെ സുഹൃത്തു് പ്രൊഫസർ പറഞ്ഞതോടുകൂടി മതിയാകുന്നില്ല. അതായതു് അല്പാല്പമെന്നു പറഞ്ഞാൽ പോര, അത്രമാത്രം അധികമുണ്ടെന്നു് എന്റെ സ്വന്തം അനുഭവങ്ങളെക്കൊണ്ടു് എനിക്കു് പറയുവാൻ സാധിക്കും. എനിക്കു് വളരെ അധികം അനുഭവപ്പെട്ടിട്ടുള്ളതായതുകൊണ്ടാണു് ഞാൻ ഇത്രത്തോളം ഉറപ്പായി പറയുന്നതു്. അതു് വലിയ ഒരു Asset ആണു് അല്ലെങ്കിൽ വലിയ ഒരു ലാഭം കൊച്ചീരാജ്യത്തിന്റെ മുതലെടുപ്പിനുണ്ടാക്കുന്ന നല്ല ഒരു ഡിപ്പാർട്ട്മെണ്ടാണെന്നുണ്ടെങ്കിലും ഇന്നത്തെ നിലക്കു് അതൊരു ലാഭകച്ചവടമായി വിചാരിക്കേണ്ടതില്ല. മുമ്പൊരു സന്ദർഭത്തിൽ പറയേണ്ടിവന്നതുപോലെ, കൺസർവേറർ എന്നു പറയുന്നതു് ഡയറക്ടർ, കമ്മീഷണർ, എന്നൊക്കെ പറയുന്നതുപോലെ അല്പംഫോറസ്റ്റ് Conserve ചെയ്യേ പലതും ഉപകാരപ്രദമായി ചെയ്യേണ്ടതുണ്ടു്. അതുകൊണ്ടാണു് അങ്ങിനെ ഒരു പേർകൊടുത്തിട്ടുള്ളതു്. കുറച്ചുകാലമായി ഉഷ്ണം വളരെ അധികരിച്ചിട്ടുണ്ടെന്നു് പറയുന്നതുതന്നെ വില്ലേജ്ഭാഗങ്ങളിൽ ജനങ്ങൾ നിബിഡമായി താമസിക്കുന്ന ഉൾനാടുകളിലുള്ള കാടുകൾ നശിപ്പിക്കപ്പെട്ടതുകൊണ്ടാണു്. മഴ തീരെ ഇല്ലാതെയാകുന്നതു് ഫോറസ്റ്റ്വെട്ടി നശിപ്പിച്ചിട്ടാണെന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ജലസേചനസൌകര്യങ്ങൾ തീരെ കുറഞ്ഞുപോകുന്നതും ഈ കാരണത്താലാണെന്നാണു് പറയുന്നതു്. വർഷകാലത്തു് കാടുകൾക്കുള്ളിൽ വലിയ മരങ്ങൾ വേരുകളിൽ വെള്ളം ശേഖരിച്ചു് സൂക്ഷിച്ചുവച്ചു് വേനൽക്കാലങ്ങളിൽ മണ്ണിന്റെ അടിയിൽക്കൂടി പുറത്തേക്കു വിട്ടു് അരുവികൾ വഴിയായി നമുക്കു സമൃദ്ധിയായി വെള്ളം ലഭിക്കുവാൻ സൌകര്യത ഉണ്ടാക്കുന്നുണ്ടെന്നാണു് പറയുന്നതു്. ഇത്തരം ഉപകാരങ്ങളെല്ലാം ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടുകൊണ്ടു് ഉണ്ടെങ്കിലും ഇപ്പോഴത്തെ ഡിപ്പാർട്ട്മെണ്ടിന്റെ Work കൊണ്ടു് ഇപ്പോഴുള്ള തോതു നോക്കുകയാണെങ്കിൽ അധികകാലം താമസംകൂടാതെ ഈ ഡിപ്പാർട്ട്മെണ്ടു് വേണ്ടെന്നുവെക്കേണ്ടിവരും! ആ മാതിരി ആയിട്ടുണ്ടു് ഇപ്പോഴത്തെ ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടിന്റെ നില. പിന്നെ ഒരു രണ്ടു മൂന്നു കൊല്ലങ്ങളായിട്ടു് കാട്ടിലുള്ള മരങ്ങളിൽ വലിയ വിലപിടിച്ച മരങ്ങൾ, എന്റെ അനുഭവത്തിൽതന്നെ, കത്തിപോയിട്ടുള്ളതിന്റെ കണക്കു നോക്കുകയാണെങ്കിൽ വളരെ അധികം സംഖ്യ ഗവൺമെണ്ടിനു് നഷ്ടം വന്നിട്ടുണ്ടു്. ആ മരങ്ങൾ പലരും വിലക്കു ചോദിച്ചിട്ടു കൊടുക്കാതെ കത്തിപ്പോകുവാൻ ഇടയാക്കീട്ടുള്ളതു് ഓർക്കുമ്പോൾ എതാണ്ടു് ൪ ലക്ഷത്തോളം ഉറുപ്പികയുടെ മരങ്ങൾ കത്തിപ്പോയിട്ടുണ്ടെന്നു പറയുന്നതിൽ തീരെ അതിശയോക്തിയില്ലെന്നു ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടിന്റെ ശരിയായ പ്രവർത്തനംമൂലം ഫോറസ്റ്റിൽനിന്നും നമുക്കു കിട്ടാവുന്ന ആദായം മുഴുവനും നഷ്ടപ്പെടാതിരിക്കുകയായിരുന്നു എങ്കിൽ നമ്മുടെ ഗവൺമെണ്ടിനു റിസർവ്ഫണ്ടിൽനിന്നോ മറ്റോ ഒരു പൈപോലും എടുക്കേണ്ടതായി വരികയില്ലായിരുന്നു എന്നു് എനിക്കു ധൈര്യമായി പറയുവാൻ സാധിക്കും. ഫോറസ്റ്റ് ഡിപ്പാർട്ട്മെണ്ടിലെ അഴിമതികൊണ്ടു കാരണമായിവരുന്ന മറ്റൊരു സംഗതി, ഓരോ ഗ്രൂപ്പിൽനിന്നും മരങ്ങൾ ലേലം വിളിച്ചു വില്ക്കുന്നതിലുള്ള സൂക്ഷ്മക്കുറവാണു്. മുമ്പുണ്ടായിരുന്ന മന്ത്രിമാർ ഈവക ലേലങ്ങൾ പത്രങ്ങളിൽ പരസ്യം ചെയ്തു തുടങ്ങിയതിനു ശേഷം ലേലം വിളിക്കുന്നതിൽ മുമ്പുണ്ടായിരുന്നതിലും കൂടുതൽ ആദായം കിട്ടുവാൻ ഇടയാക്കിത്തീർത്തിട്ടുണ്ടെന്നു നമുക്കറിയാം. എങ്കിലും അങ്ങിനെ ലേലം വിളിക്കുന്നതിൽ അവരവർക്കു interest ഉള്ള ആളുകൾക്കു് കൂടുതൽ അനുകൂല്യങ്ങൾ ചെയ്തുകൊടുക്കുക മുതലായ വ്യത്യാസങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളതു നമ്മുടെ ഇടയിൽ പലർക്കും അറിയാം. എനിക്കും അനുഭവപ്പെട്ടിട്ടുണ്ടു്. ൫ ൦, ൦ ൦ ൦ ടൺ വീതം എടുക്കുന്ന ഒരു കമ്പനിയിൽ ഒരു ടൺ വീതത്തിനുമേൽ ഒരു ഉറുപ്പിക ലേലത്തിൽ കൂടുവരുത്തുകയാണെങ്കിൽ ഗവൺമെണ്ടിനു് നഷ്ടം വരുന്നതു ൫ ൦, ൦ ൦ ൦ ഉറുപ്പികയോളമാണു്. ഈ മാതിരി കാര്യങ്ങളിൽ ഗവൺമെണ്ടിന്റെ ശ്രദ്ധ പതിഞ്ഞാൽ നന്നു്. എന്തു കരാർ എടുക്കുകയാണെങ്കിലും മുതലാളിക്കു് കക്കാതെ മുതലാക്കാൻ സാധിക്കുകയില്ലെന്നു് ഫോറസ്റ്റ്ഡിപ്പാർട്ട്മെണ്ടിനെസംബന്ധിച്ചിടത്തോളം ഒരു അങ്ങാടിപാട്ടായിട്ടുണ്ടു്. അടിമുതൽ മുടിവരെ കൈക്കൂലി കൊടുക്കാതെ ഒരു കാര്യവും നടക്കുകയില്ലെന്നു നമുക്കറിയാം. ഓരോരുത്തർക്കും ഓരോ മാസത്തെ ശമ്പളംവരെ കൊടുക്കുക എന്നുവന്നാൽതന്നെ അതു ഒരു വലിയ ലാഭമാണു്. ഇതുണ്ടിനെയല്ല. അതിലും വലിയ തുകകൾ കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഗവൺമെണ്ടിന്റെ ശ്രദ്ധ കൂടുതലായി ഈ കാര്യത്തിൽ പതിയണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഡിപ്പാർട്ട്മെണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. P. Sitharaman]

അധികം ഉദ്യോഗസ്ഥന്മാർ വഷ്ടിച്ചതുകൊണ്ടാണ് കൂടുതൽ അഴിമതിതിരിക്കു കാരണമെന്നു പറയുന്നു. മുൻപ് ഫോറസ്റ്റ് കൺസർവേറ്ററോട് ഫോറസ്റ്റർ, റെയിഞ്ചർ മുതലായ കീഴുദ്യോഗസ്ഥന്മാക്ക് direct approach ഉണ്ടായിരുന്നു. ഇപ്പോൾ അതിന്റെ ഇടയിൽ ഡെപ്യൂട്ടി കൺസർവേറ്റർ, അസിസ്റ്റാണ്ട് കൺസർവേറ്റർമാർ മുതലായ ഉദ്യോഗസ്ഥന്മാർ കൂടിയുള്ളതുകൊണ്ട് ഫീൽഡിൽ ഉള്ള അഴിമതികളെക്കുറിച്ച് മേലധികാരിയെ നേരിട്ടറിയിക്കുവാനൊ നേരിട്ടുചെന്നുകണ്ട് സങ്കടം ബോധിപ്പിക്കുവാനോ ഉള്ള സൌകര്യം ചിലപ്പോൾ കിട്ടാത്തതുകൊണ്ടുള്ള സങ്കടങ്ങൾ ജനങ്ങളുടെ ഇടയിൽനിന്നും കേൾക്കാനുണ്ട്. അതുകൊണ്ട് സങ്കടം അറിയിക്കുവാനും കൂടുതൽ സൌകര്യം ഉണ്ടാക്കി തന്നാൽ കൊള്ളാം. ഇതുയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഞാൻ ഈ ഉപക്ഷേത്തെ അനുകൂലിക്കുന്നു. ഞാൻ രണ്ടുനാലു ദിവസം മുമ്പ് ചോദ്യോത്തരവേളയിൽ ഇന്ത്യാഗവൺമെണ്ടിന്റെ Anti-corruption department-ലെ ചില ഉദ്യോഗസ്ഥന്മാരെ, ബഹുമാനപ്പെട്ട സർദാർ പട്ടേൽ അവർകൾക്ക് എഴുതി അയച്ചു, ഇവിടെ വരുത്തി കുറച്ചു നാൾ ഇവിടെ താമസിപ്പിച്ചാൽ കൊള്ളാമെന്ന് ഒരു സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അങ്ങിനെ ഒരു staff കുറച്ചുകാലം—ആറോ, ഏഴോ മാസക്കാലം ഇവിടെ ഇരുന്ന് work ചെയ്താൽ ഇന്നത്തെ ഈ അഴിമതികൾക്ക് വളരെ ശമനമുണ്ടാകുമായിരുന്നു. നാം ഉത്തരവാദഭരണത്തിൽ കാൽവച്ചുനിൽക്കുന്ന സമയമാണ്. ഇന്നത്തെ ധനകാര്യമന്ത്രി തുശ്ശിവപേരൂർ പ്രസംഗിച്ചു, "പൊതുജീവിതം സംശുദ്ധ"മാക്കേണ്ടതെന്നു പറഞ്ഞ സംഗതിയെപ്പറ്റിയാണ് എനിക്ക് അനുസ്മരിപ്പിക്കാനുള്ളതു്. ഇവിടെ ഉള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ഈ വക അഴിമതികളെകുറിച്ച് അന്വേഷിപ്പിക്കുന്നതായാൽ പല ചുറ്റുപാടുകളെക്കൊണ്ട് യഥാർത്ഥത്തിലുള്ള കുറ്റക്കാരുടെ മേൽ നടപടി എടുക്കുവാൻ വൈഷമ്യം നേരിടും. അതുകൊണ്ട് പുറമേനിന്ന് ഒരു staff-നെ കൊണ്ടുവരുന്നതായാൽ പൊതുജീവിതം സുരക്ഷിതമാക്കിത്തീർക്കുന്നതിനും ഗവൺമെണ്ടിന്റെ അഭിമാനം നിലനിൽത്തിപോരുന്നതിനും യാതൊരു ഭംഗവും വരുന്നതല്ല. അതുകൊണ്ട് ആ ഡിപ്പാർട്ട്മെൻറുകാരെ കൂടെനാലും ഇവിടെ താമസിപ്പിക്കുവാൻ നമ്മുടെ ഗവൺമെണ്ട് ഏർപ്പാടുചെയ്താൽ കൊള്ളാം. മദ്രാസ ഗവൺമെണ്ട് ഇപ്പോൾ അപ്രകാരം ചെയ്തുവരുകയും കൈക്കൂലിയും അഴിമതിയും അമർത്തുകയും ചെയ്തുവരുന്നുണ്ട്.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, പുറത്തുള്ള ആക്ഷേപത്തിന്റെ കാര്യത്തെക്കുറിച്ച് എങ്ങിനെ ആണ് മറുപടി പറയേണ്ടതെന്ന് അറിയാതെ ഞാൻ വളരെ കഴുങ്ങുന്നുണ്ട്. അതിനുള്ള കാരണവും പറയാം. ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ ഫ്രഫർ-ലെ ബഡ്ഡറ് അനുസരിച്ച് നാം ലക്ഷം ഉറുപ്പിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. Fuel division-ൽനിന്ന് ¾ ലക്ഷം വേറെയും കിട്ടും. ഈ നാം ലക്ഷം ഉറുപ്പിക വരുമാനമുണ്ടാകുന്നതു് നമ്മുടെ കാട്ടിലുള്ള മരങ്ങൾ വിറ്റതു്, കാട്ടിലുള്ള ഞാനകളുടെ എക്കം സമ്പാദിച്ചതു്, വിറകു വിറ്റതു ഇങ്ങിനെ പല പ്രകാരത്തിലാണ്. നമ്മുടെ നാട്ടിൽ, മുഴുവൻ വിവരങ്ങൾ അറിയുകയില്ലെങ്കിൽകൂടി അറിയാമെന്നുള്ള ധാരണയിൽ ആക്ഷേപിക്കുക എന്നൊരു പതിവുണ്ട്. വിളിച്ചിരുത്തി എന്താണ് കാര്യം, എന്നു ചോദിക്കുകയാണെങ്കിൽ ആക്കും ഒന്നും പറയാനും ഉണ്ടാവുകയില്ല. അതു മിക്കവാറും പുലിയുടെ കഥ മാതിരിയാണ്. പുലി വന്നു എന്നു പറയും. ചോദിച്ചാൽ തരുന്ന ഉത്തരം അതൊരു എലിയായി മാറുകയും ചെയ്യും. അഴിമതികൾക്കുള്ള സാദ്ധ്യത ഉണ്ടെന്നു വന്നാൽ അഴിമതി ഉണ്ടെന്നു പറയുക സ്വാഭാവികമാണ്. പത്തുമുപ്പതു ലക്ഷത്തോളം ഉറുപ്പികയുടെ തടികൾ വില്ക്കുവാനും കൈകാര്യം ചെയ്യുവാനും ഉള്ള അധികാരം ഉണ്ടായിരിക്കുമ്പോൾ, നമ്മുടെ ഇടയിലുള്ള കച്ചവടക്കാർ ധനക്കൊതിയന്മാരായ Business കാരായിരിക്കുക എന്നു വന്നാൽ അങ്ങിനെ ഉള്ള കാര്യത്തിൽ കളവുകൾ ഇല്ലാതിരിക്കുമോ; എന്തെങ്കിലും തകരാറുകൾ ഇല്ലാതിരിക്കുമോ; അതു ചെയ്യാൻ ഉള്ള സൌകര്യമുണ്ടല്ലൊ എന്നു സാധാരണ ആളുകൾ വിചാരിച്ചുപോരുന്നതിൽ അത്ഭുതമില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതിൽനിന്നു ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ അഴിമതികൾക്കു സാദ്ധ്യതകൾ ഉണ്ടെന്നുള്ളതൊഴികെ, അഴിമതികൾ ഉണ്ടെന്നുള്ളതിനു തെളിവില്ല. തെളിവ് എന്ന വാക്ക് ഉപ

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

യോഗിക്കും എന്നുവെച്ചായിരിക്കും ഇതിന്റെ അവതാരകൻ പറഞ്ഞതു്. തെളിയിക്കാൻ വിഷമം ഉണ്ടായേക്കാമെന്ന വാദം മുൻകൂട്ടി സൂചിപ്പിച്ചതു്. തെളിവില്ലാതിരിക്കുന്നിടത്തോളം കാലം അഴിമതികളുണ്ടെന്നു വിശ്വസിക്കുവാൻ കഴിവുണ്ടാവുകയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ബ്രൂഡോസറിന്റെ കാര്യത്തിൽ തെളിവു ഉണ്ടോ എന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബ്രൂഡോസറിന്റെ കാര്യത്തിൽ അഴിമതി ഉണ്ടായിട്ടുണ്ടെന്നു തെളിവുണ്ടായിട്ടില്ല. അതിനെപ്പറ്റി പരാതിയുള്ളതായി അറിഞ്ഞാൽ എഞ്ചിനീയരെക്കൊണ്ടു് പരിശോധിപ്പിക്കുന്നതിനു വേണ്ട നടപടികളെടുക്കാം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: പരിശോധിച്ചാണോ മേടിച്ചതെന്നു് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മേടിച്ചതു് അന്നത്തെ ഗവൺമെന്റിന്റെ തീരുമാനപ്രകാരമാണു്. ബ്രൂഡോസർ അതിനുമുമ്പു് ഇവിടെ വക്കുചെയ്യിച്ചിട്ടില്ല എന്നു പറയുന്നതു ശരിയല്ല. ആ മാതിരി യന്ത്രങ്ങൾ ഇതിനുമുമ്പുതന്നെ ഉപയോഗിച്ചിട്ടുണ്ടെന്നാണു് റിക്കാർഡുകൾകൊണ്ടു കാണുന്നതു്. ഇതിൽ അഴിമതിയുണ്ടെന്നു ഗവൺമെന്റിനു തെളിവു കിട്ടിയിട്ടില്ല. അതുകൊണ്ടു് അഴിമതിയുണ്ടെന്നു ബോദ്ധ്യം വന്നിട്ടില്ല. ബഹുമാനപ്പെട്ട അംബല്ലൂർ മെമ്പർ തന്നെ സൂചിപ്പിക്കുകയുണ്ടായി കച്ചവടക്കാർ കൈക്കൂലി കൊടുക്കുന്നവരാണെന്നു്. ഉദ്യോഗസ്ഥന്മാർ കൈക്കൂലി മേടിക്കുന്നതു്, കൊടുക്കുവാൻ ആളുകൾ ഉണ്ടായിട്ടാണു് മേടിക്കുവാൻ ആളുകൾ ഉണ്ടാകുന്നതു് എന്നു ഓർക്കേണ്ടതാണു്. കൈക്കൂലി കൊടുക്കുവാൻ ഒരുക്കമുള്ള ഒരു കൂട്ടം ആളുകൾ അവിടെ പോകുന്നുണ്ടു്. അവർ കാര്യം നടത്തുന്നുണ്ടെങ്കിൽ കൈക്കൂലി കൊടുക്കാതിരിക്കുമോ എന്നുള്ള ധാരണയിന്മേൽ ആണു് അഴിമതികളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ അധികവും ഉണ്ടാകുന്നതു് എന്നുള്ളതല്ലാതെ യഥാർത്ഥത്തിൽ യാതൊരു തെളിവുകളും ഉണ്ടായിട്ടില്ല. അഴിമതികൾ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെടുകയോ, അഴിമതി ഉണ്ടെന്നു ബോദ്ധ്യംവരുകയോ ചെയ്യുകയാണെങ്കിൽ അശേഷം ദാക്ഷിണ്യംകൂടാതെ കർശനമായ നടപടികളെടുക്കുന്നതാണു്. പക്ഷെ വെറുതെ അഴിമതി ഉണ്ടെന്നു കേൾക്കുന്നുണ്ടു് എന്നൊക്കെ പറയുകയാണെങ്കിൽ ഗവൺമെന്റു് ഒരു നിസ്സഹായ നിലയെടുക്കുകയല്ലാതെ നിവർത്തിയില്ല. അഴിമതികൾ ഒന്നും ഉള്ളതായി ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല എന്നുള്ള ഗവൺമെന്റിന്റെ നിലയെ ഒന്നുകൂടി വ്യക്തമാക്കുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, അഴിമതികളുണ്ടു്, കൈക്കൂലി വാങ്ങിച്ചിട്ടുണ്ടു് എന്നവിഷയത്തെപ്പറ്റി ബഹുമാനപ്പെട്ട ഫിനാൻസു മിനിസ്റ്റർ പറഞ്ഞ ന്യായം അത്ര സഹകാര്യമായി എനിക്കു തോന്നുന്നില്ല. കൈക്കൂലി കൊടുക്കാൻ സാദ്ധ്യതയുള്ള മനുഷ്യരുണ്ടെങ്കിൽ മേടിയ്ക്കാൻ ആളുകൾ ഉണ്ടാകും എന്ന ന്യായം സ്വീകരിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങിയിരിയ്ക്കാൻ വഴിയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഒരാൾ കൈക്കൂലി വാങ്ങിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ തെളിവുകൊടുക്കാൻ പ്രയാസമാണു്. കൈക്കൂലി മേടിച്ചിട്ടുണ്ടു് എന്നുള്ളതു പറയാൻ എളുപ്പമാണെങ്കിലും അതു ബോദ്ധ്യപ്പെടുത്താൻ പ്രയാസമാണെന്നതും, കൈക്കൂലി കൊടുക്കാൻ സാദ്ധ്യതയുണ്ടു്, കൊടുത്തിട്ടുണ്ടു്, കൊടുത്തവർ സമ്മതിക്കുകയും ചെയ്യും. ലാഭക്കൊതിയന്മാരായ ബിസിനസ്സുകാർ അതു ചെയ്യുമെന്നാണല്ലൊ മന്ത്രിതന്നെ പറഞ്ഞതു്. പക്ഷെ, മേടിച്ചിട്ടുള്ളവർ സമ്മതിക്കുകയില്ലെന്നു മാത്രമെയുള്ളു. കൈക്കൂലി കൊടുത്ത ലാഭക്കൊതിയന്മാരായ കച്ചവടക്കാർ, ലാഭത്തിന്റെ പേരിൽ ന്യായത്തേയും, നീതിയേയും, വ്യഭിചരിയ്ക്കുവാൻ തയ്യാറായിട്ടുള്ള കച്ചവടക്കാർ അതിനെ ഒരു വിജയമായി കണക്കാക്കുകയാണു് പതിവു്. നേരത്തെമറിച്ചു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിയാൽ ആ വാസ്തവം മറവുള്ളവക്കു പറയുന്നതിനു നിവൃത്തിയില്ല. പറയുന്നവനു ബോദ്ധ്യമുണ്ടെങ്കിലും സക്കാരനേക്ഷണത്തിന്റെ ഫലമായുള്ള മറുപടി നിഷേധാത്മകമായിരിക്കും. ഇവിടെ ഒരു ഡിപ്പാർട്ടുമെണ്ടിനെ മാത്രം സംബന്ധിച്ചു പറയേണ്ട കാര്യമില്ല. പല ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചും ഇങ്ങിനെയുള്ള ആക്ഷേപം കൊണ്ടുവരാൻ സാധിക്കും. എനിയ്ക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ള ഒരു ഉദാഹരണം പറയാം. തൃശ്ശൂർ സിവിൽ സപ്ലൈ ത്രിയിൽ അപമര്യാദയായി നടന്നിട്ടുള്ള ഒരു സംഭവം, എന്റെ കണ്ണുകൊണ്ടു് കണ്ട ഒരു സംഭവം ഞാൻ ഒരു പത്രത്തിലേക്കു റിപ്പോർട്ടുചെയ്തു. ആ റിപ്പോർട്ടിനെ സംബന്ധിച്ചു് ഇൻഫർമേഷൻ ആഫീസർ ആവശ്യപ്പെട്ട, ഇതിനെ സംബന്ധിച്ചു് എഴുതിയ ആദ്യ സമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Josep Mundasseri]

ധാനം പറയണമെന്നു്. ജനകീയഭരണമുള്ള ഈ രാജ്യത്തു് എന്നെപ്പോലെയുള്ള ഒരു പൌരന്റെ അവകാശത്തെ മുത്രയും അപമര്യാദയായി ചോദ്യം ചെയ്യുന്ന ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ ഉണ്ടായതു് ദയനീയമായി തോന്നുന്നു. അതുകൊണ്ടു് വീണ്ടും വീണ്ടും പറയുന്നു, ആക്ഷേപങ്ങൾ കൊണ്ടുവരുന്നതു ഗവണ്മെണ്ടിനെ അപമാനിക്കുന്നതിന്നല്ല. ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ മനുഷ്യരായതുകൊണ്ടു് മനുഷ്യസഹജമായ ന്യൂനതകൾ എതുദ്യോഗസ്ഥനും സംഭവിക്കും. യാഥാർത്ഥ്യങ്ങളെ നോക്കിക്കണ്ടു അഴിമതികൾ സംഭവിക്കുന്നുവോ എന്നു നേരിട്ടുനേഷിച്ചു സാമൂഹ്യബോധത്തോടുകൂടി അവയെ അമർത്തണം എന്നു മാത്രമാണു് ഞാനാവശ്യപ്പെടുന്നതു്. അപമര്യാദകൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ എന്നു ചോദിച്ചാൽ ശരി, ചൂണ്ടിക്കാണിയ്ക്കാൻ സാധിക്കും. പക്ഷെ, ചൂണ്ടിക്കാണിച്ചാൽ തെളിയിക്കണം. ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു് പ്രത്യേകിച്ചു ഒരാളെ ചാർജ്ജുചെയ്യണമെന്ന ഉദ്ദേശത്തോടുകൂടിയല്ല. അതിന്നാണെങ്കിൽ വേറെ മാർഗ്ഗമുണ്ടു്. നമ്മുടെ ഗവണ്മെണ്ടിന്റെ ഭരണസമ്പ്രദായം സുശക്തമായി, കായ്ക്ഷമമായി തീരണം എന്നുമാത്രമെ എനിക്കു ഉദ്ദേശമുള്ളു. അഴിമതികൾ സംഭവിക്കും എന്നുള്ളതു പൂർണ്ണവിശ്വാസത്തോടുകൂടി തന്നെ ഞാൻ പറയുന്നു. ലോകത്തിൽ അഴിമതികൾ സംഭവിക്കുന്നതു് അധികാരത്തെ പ്രയോഗിക്കുന്ന വിധമനുസരിച്ചാണു്. അതു ഇവിടെയും സംഭവിച്ചിട്ടുണ്ടാകാമെന്നു പറയുന്നതു് അങ്ങോടിവർത്തമാനത്തിന്റെ പേരിലാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞതിൽ എനിയ്ക്കു ഖേദമുണ്ടു്. അങ്ങിനെ അങ്ങാടിവർത്തമാനകാര്യം പറയാനും അതിന്റെ പേരിൽ വാദം മുഴക്കാനും വന്നിട്ടുള്ളവരല്ല ഞങ്ങൾ. ഒന്നരണ്ടു കാര്യങ്ങൾ എന്റെ കണ്ണുകൊണ്ടു കണ്ടിട്ടുള്ളതിനെ ആസ്പദമാക്കി വേണ്ടതുക്കവണ്ണം അന്വേഷിച്ചു നടപടികൾ എടുക്കണമെന്നഭ്യർത്ഥിക്കുവാൻ വേണ്ടിയാണു് ഈ ഉപക്ഷേപം. ഫിനാൻസുമെമ്പർ തന്നിട്ടുള്ള ഉറപ്പിന്മേൽ ഉപക്ഷേപം പിൻവലിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഉത്തരവാദിതബോധത്തോടുകൂടി ഈ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി ശരിയായ അന്വേഷണം നടത്തി കുറക്കാരെ ശിക്ഷിക്കുവാൻ വേണ്ട ജനകീയബോധമെങ്കിലും മന്ത്രിക്കും ഗവണ്മെണ്ടിന്നും ഉണ്ടാകുമാറാകട്ടെ എന്നുള്ള പ്രാർത്ഥനയെ എനിക്കുള്ളു.

Motion, by leave, withdrawn

Cut Motion No. 6 not moved

CUT MOTION NO. 7

മിസ്റ്റർ ടി. പി. സീതാരാമൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണു്

To reduce the allotment of Rs. 11,83,580 for Forests in Demand No 14 by —Re.—1

To abolish the present Fuel division in the Forest Department.

സർ, ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റു് കറപ്ഷന്റെ ഒരു പയ്യായമായിരിക്കുന്നു എന്നു ഞാൻ ഇതിന്നുമുമ്പു പറഞ്ഞതു ഇതിന്നുമുമ്പിലത്തെ ഉപക്ഷേപത്തിന്റെ മറുപടിയിൽ കേട്ട സംഗതികളിൽ നിന്നു രണ്ടാമതും ഞാൻ അങ്ങിനെതന്നെ ഊന്നിപ്പറയുന്നു. ഫ്യുവൽഡിവിഷൻ കൊച്ചീരാജ്യത്തെ ഒരു വെള്ളാനയാണു്. അതിനേപ്പോറ്റിവളർത്തുവാൻ നമുക്കു ന്യായമല്ല. തെളിവിനുള്ള ഉദാഹരണങ്ങൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നു. തൃശ്ശൂരിൽ രാമനിലയം കോമ്പൌണ്ടിൽ തന്നെ ഫ്യുവൽ സ്റ്റാക്കുചെയ്തിട്ടുണ്ടു്. വിറകു് നാലുവണ്ണം ഒന്നേകാൽ കോൽ നീളത്തിൽ കൂടുതലായി വെട്ടിയെടുക്കാൻ പാടില്ലായെന്നു ഗവണ്മെണ്ടു നിബന്ധനയുണ്ടു്. എന്നാൽ ഗവണ്മെണ്ടു് ഞാൻ മുമ്പുപറഞ്ഞ ഡിപ്പോ ചെക്കുചെയ്യുകയാണെങ്കിൽ തീച്ചായയും ജനാലയ്ക്കും കട്ടിളയ്ക്കുമുള്ള മരങ്ങൾ മുറികണ്ടി അവിടെനിന്നു കണ്ടുകിട്ടുന്നതായിരിക്കും. ഫ്യുവൽഡിവിഷൻ കൺട്രാക്ടർ ഗവണ്മെണ്ടിലോറി വരുന്നസമയം വലിയ വലിയ മരങ്ങൾ—ഇരുൾ, മരുതു് മുതലായമരങ്ങൾ—പത്തു് ഇരുപതു് വണ്ണത്തിലുള്ള മരങ്ങൾ ഒരുകോൽ രണ്ടുകോൽ നീളത്തിൽ മുറിച്ചു അതിൽ കയറ്റി അയക്കുകയാണു് ചെയ്യുന്നതു്. ഈവിറകു് ഡെപ്പോവിൽ കൊണ്ടുപോയി തള്ളുന്നു. അവിടെയുള്ള ഉദ്യോഗസ്ഥന്മാർ വലിയ മുട്ടിത്തരങ്ങൾ പലരുടേയും പാസുവാങ്ങി തരംപോലെ സൂക്ഷിച്ചു് അതിൽ ഇനീഷ്യൽ വെച്ചു അവരവരുടെ വീടുകളിൽ എത്തിക്കുക പതിവാണു്. ഇതിൽ എനിക്കു പ്രത്യക്ഷ അനുഭവമുണ്ടു്. ഒരു ടൺ വിറകിനു് ഉദ്ദേശം ര കണ്ടി മരം മുറിച്ചെടുക്കേണ്ടിവരുന്നു. വ

LIBRARY ARCHIVES Kerala Legislative Assembly

ലിയ വിലയുള്ള മരങ്ങൾം കണക്കാക്കേണ്ട, ഇടത്തരം മരങ്ങൾം കണ്ടി ഒന്നക്ക് ആവറേജ് ൪ ൦൦൦ രൂപാ വിലയുണ്ട്. ഈ ജാതി ൪ കണ്ടി മരങ്ങൾം മുറിച്ചാൽമാത്രമെ ഒരു ടൺ വിറകാകയുള്ള. ഒരു ടൺ വിറക കാട്ടിൽനിന്നു മുറിച്ചു ഗവമ്മെണ്ടലോറിയിൽ കയറി ഗവമ്മെണ്ടലേമ്പളം പറ്റുന്ന ഡ്രൈവർമാർ, ഗവമ്മെണ്ടുവക പെട്രോൾം ചിലവാക്കി തൃശ്ശൂരിൽ കൊണ്ടുവന്നു ൧ ൫൦൦൦ രൂപാ ന്യൂണ. വിലയ്ക്കാണ് വിൽക്കുന്നതു. ഇതിനുവേണ്ടി സ്പെഷ്യൽ ചിട്ടുള്ള ഡിവിഷനിലെ ഉദ്യോഗസ്ഥന്മാർ അവരുടേയും അവരുടെ സ്വന്തക്കാരുടെയും ആവശ്യത്തിനുള്ളതു കഴിച്ചു ബാക്കിയുള്ളതാണ് ടെണ്ണിൽ വിൽക്കുന്നതു. ഇതു വലിയ അന്യീതിയാണ് അവിടെ നടത്തുന്നതു. ഇതു ചില ഉദ്യോഗസ്ഥന്മാരോടുള്ള മനഃപൂവ്വംകൊണ്ടു പറയുന്നതല്ല. അനുഭവംകൊണ്ടു പറയുന്നതാണ്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി കോപിയ്ക്കാതെ ഇതിനെക്കുറിച്ചു വേണ്ട അന്വേഷണം നടത്തണം. (ചിരി) ഫുവൽ ഡിവിഷൻ നടത്തുന്നതിനു കുറെ ലോറി വാങ്ങീട്ടുണ്ടു. അതിൽ നടക്കുന്ന അക്രമങ്ങൾക്കു കയ്യുംകണക്കുമില്ല. ലോറിയുടെ ബോടി പണിയുന്നതിനുള്ള കമ്പനിക്കാർ വേറെയും ധാരാളമുണ്ടു. ഒരു ലോറിയുടെ ബോടി പണിയുന്നതിനു ൧ ൫ ൦ ൦ രൂപാ മുതൽ ൨ ൦ ൦ ൦ രൂപാവരെ ചിലവു വേണ്ടിവരും. എന്നാൽ ഗവമ്മെണ്ടു ഈ ലോറിയ്ക്കു ചിലവായതിന്റെ കണക്കു ചെക്കുചെയ്യുകയാണെന്നുണ്ടെങ്കിൽ ഒരു ബോടി പണിയേണ്ടതിനായി ൫ ൦ ൦ ൦ രൂപായ്ക്കുമേൽ ആവറേജ് ചിലവാക്കീട്ടുണ്ടെന്നു കാണാം. ഇതിനുപുറമെ ലോറിയുടെ ടയറുവാങ്ങിക്കുന്ന കായ്യം ഇതിലും രസമായിട്ടുള്ളതാണ്. സാധാരണയായി ഒരു ടയറിനു ഇരുന്നൂറു മുന്നൂറുരൂപാ ചിലവു വരും. അങ്ങിനെയുള്ള ആറും എട്ടും ടയറുകളും ഒരു ലോറിയ്ക്കാവശ്യമുണ്ടു. പുതിയ ടയറുവാങ്ങി അഞ്ചൊ ആറൊ ദിവസം കാട്ടിൽക്കൂടിയുള്ള റോഡുകളിൽ ഉപയോഗിച്ചശേഷം തള്ളുകുത്തിക്കയറി എന്നൊ മറ്റൊ പറഞ്ഞു ഓഫീസ് സ്റ്റോക്കിൽ തള്ളും. നാലുമാസംകഴിഞ്ഞു ആ ടയറു ഒരെണ്ണത്തിനു ൪ ണ. വീതം ലേലം വിളിച്ചു കൊടുക്കും. കുറെ കഴിഞ്ഞു ആ ടയർ പ്രൈവറ്റുലോറികളും ഉപയോഗിക്കുന്നതു കാണാം. ഇങ്ങിനെ പുതിയ ടയർ വാങ്ങി നാലഞ്ചുദിവസം ഉപയോഗിച്ചശേഷം ഓഫീസ് സ്റ്റോക്കിൽ തള്ളി പബ്ലിക് മണി നശിപ്പിച്ചുകളയുന്നതു വളരെ സങ്കടമാണ്.

ഇനി പെട്രോളിന്റെ കായ്യം പറയുകയാണെങ്കിൽ ഗവമ്മെണ്ടു ലോറി ഡ്രൈവർമാർ വെള്ളം ഉപയോഗിക്കുന്നതുപോലെയാണ് പെട്രോൾം ഉപയോഗിക്കുന്നതു.

മിസ്റ്റർ സി. വി. ഇയ്യു: അതിൽ ബ്ലാക്കുമാർക്കറ്റുണ്ടോ?

മിസ്റ്റർ ടി. പി. സീതാരാമൻ: ലോറിഡ്രൈവർമാരുടെ അടുക്കൽ നിന്നു ധാരാളം പെട്രോൾം വാങ്ങിക്കാൻ കിട്ടുമെന്നുള്ളതു പ്രസിദ്ധമായിട്ടുള്ള കായ്യമാണ്. അവർ അങ്ങിനെ വിറ്റിട്ടുണ്ടു് എന്നുള്ളതു എന്റെ അറിവിൽതന്നെ പെട്ടിട്ടുണ്ടു. ഗവമ്മെണ്ടു് അന്വേഷിച്ചാൽ അതിന്റെ പരമാർത്ഥം മനസ്സിലാകുമാതാണ്. ഒരു ലോറിയിൽ അഞ്ചു് ടൺ വിറകുണ്ടാകും. ഇതു എങ്ങിനെ അറിയാമെന്നു ചോദിച്ചാൽ ഒരുദിവസം ഞാൻ ഒരു കായ്യത്തിനുവേണ്ടി.....

Mr. President: The Hon'ble member will please finish his speech soon.

മിസ്റ്റർ ടി. പി. സീതാരാമൻ: പ്രത്യേകമായ തെളിവു കൊടുക്കാൻവേണ്ടിയാണു ഞാൻ ഇതു പറയുന്നതു. ഡപ്പോവിൽ ചെന്നപ്പോൾ ഒരു ലോറി വിറകുവന്നതു തൂക്കുന്നതു കാണുകയുണ്ടായി. അതു അഞ്ചേകാൽ ടൺ വിറകു് തൂക്കമുള്ളതായി കണ്ടു. ആവറേജു് ഒരു ലോറിയിൽ അഞ്ചു ടൺ വിറകുണ്ടാകും. ഇതിൽ മൂന്നര ടണ്ണാണ് ഡപ്പോവിൽ കണക്കു കൊടുക്കുന്നതു. ബാക്കി ഒന്നര ടൺ ഗവമ്മെണ്ടിനു നഷ്ടമാണു. മൂന്നര ടണ്ണിൽ കൂടുതൽ വരുന്ന വിറകിന്റെ വില കൺട്രാക്ടർമാക്കോ ഗവമ്മെണ്ടിനോ കിട്ടുകയില്ല. ഇതിനും പുറമെ ലോറികളിൽ വിറകു കയറ്റുന്നതുകൊണ്ടു അഞ്ചാറു വില്ലേജുകളിലായി ചുരുങ്ങിയതു അയ്യായിരം വണ്ടിക്കാർ ഇന്നു പട്ടിണി കിടക്കുകയാണു. ഗവമ്മെണ്ടു ഈ ഡിപ്പാർട്ടുമെണ്ടു വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ ഗവമ്മെണ്ടിനു വലിയ ലാഭമുണ്ടാകും. എന്നുമാത്രമല്ല ൫ ൦ ൦ ൦ തൊഴിലാളികളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുവാനും കഴിയും. അതുകൊണ്ടു ഈ കായ്യം നമ്മുടെ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടേണ്ടതായിട്ടുണ്ടു. ഇതിൽ കൂടുതലായി ഞാൻ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല.

* മാസ്റ്റർ പി. ഗോവിന്ദമേനോൻ: സർ ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ ഫുവൽഡിവിഷൻ നിർത്തണമെന്നാണു ബഹുമാനപ്പെട്ട അമ്പല്ലൂർ മെമ്പർ ആവശ്യപ്പെടുന്നതു. ഫുവൽ ഡിവിഷൻ നിർത്തേണ്ട കായ്യത്തെപ്പറ്റി ഗവമ്മെണ്ടു ഗാഢമായി ആലോചിച്ചുവരിക

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr P. Govinda Menon]

യാണ്. അതിനെപ്പറ്റി ഒരു തീരുമാനം അടുത്തുതന്നെ ഉണ്ടാകുന്നതാണ്. അതിന്റെ നാനാവശങ്ങളേയും പറ്റി ആലോചിക്കുന്നതിന്നു വേണ്ടിവരുന്ന സമയംകൊണ്ടാണ് ഇതു വരെ അതിനെപ്പറ്റി തീർപ്പുണ്ടാകാതിരുന്നതു്. ഇന്നു നാട്ടുകാരുടെ ആവശ്യമായ വിറകു മലയിൽനിന്നു ഈ ഡിപ്പാർട്ടുമെണ്ടുവഴിയ്ക്കു കൊണ്ടുവരുകയാണ്. അതു നിറുത്തുകയാണെങ്കിൽ മറ്റൊരുവിധത്തിലും വിറകുകിട്ടാൻവഴിയില്ലാത്തതുകൊണ്ടു വിറകുവില കൂടിയേക്കാൻ വഴിയുണ്ടു്. യുദ്ധകാലത്തു വളരെയധികം വിറകു സപ്ലൈചെയ്യേണ്ട ഒരു സന്ദർഭത്തിൽ ഡിപ്പാർട്ടുമെൻറലായി പത്തിരുപതു ലോറിവച്ചു വിറകു ഇറക്കിക്കൊണ്ടിരുന്ന ഒരേർപ്പാടായതുകൊണ്ടു ഒരുപക്ഷെ അതു തുടരേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ലായെന്നു വിചാരിച്ചു അതിനെപ്പറ്റി ആലോചിക്കാൻ ഗവൺമെൻറു തീരുമാനിച്ചതാണ്. ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾക്കാക്ഷേപം തോന്നുവാൻ ഇടവന്ന ഈ വിഷയത്തെപ്പറ്റി ഗവൺമെൻറ് അതിനുമുമ്പുതന്നെ ആലോചിയ്ക്കാൻ തുടങ്ങിയെന്നുള്ളതിൽനിന്നു ബഹുമാനപ്പെട്ട അരണാട്ടുകരമെമ്പറുടെ ധർമ്മരോഷത്തിന്നു ഇടവരുത്തിയ ആലസ്യം ഗവൺമെണ്ടിനില്ലെന്നു തെളിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈവക കായ്ക്കളെപ്പറ്റി ബഹുമാനപ്പെട്ട അംഗങ്ങൾക്കു പറയാൻ സാധിക്കുന്നതുതന്നെ സ്വാതന്ത്ര്യത്തോടുകൂടി ഗവൺമെണ്ടിന്നു പറയാൻ നിവൃത്തിയില്ല. ഒരു കായ്ത്തെപ്പറ്റി തീരുമാനമുണ്ടാകുന്നതിന്നുമുമ്പു, ഒരു കായ്ത്തെപ്പറ്റി ഗവൺമെണ്ടു ഒരു നിലയെടുക്കുന്നതിനുമുമ്പു, ഒരു കായ്ത്തെപ്പറ്റി ഗവൺമെണ്ടിന്നു തെളിവുകളും വിവരങ്ങളും കിട്ടുന്നതിനുമുമ്പു ഗവൺമെണ്ടിന്നുവേണ്ടി എന്തെങ്കിലും കായ്ം പ്രസ്താവിക്കുന്നതു അനുചിതമായിരിക്കും. അർത്ഥമില്ലാത്തതായിരിക്കും.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: മറിച്ചു വാദിക്കരുതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറിച്ചുവാദിച്ചു എന്നു വിചാരിച്ചുതാണോ തെറ്റു്. ഈവക കായ്ങ്ങളിൽ അഴിമതികൾ ഉണ്ടെന്നു തെളിയിയ്ക്കുന്നതുവരെ അഴിമതികൾ ഉണ്ടെന്നു പറയുവാൻ നിവർത്തിയില്ല. ആക്ഷേപങ്ങൾ എത്രമാത്രമുണ്ടായാലും ഗവൺമെണ്ടിന്നു ഈ വകകായ്ങ്ങളിൽ ഒരു തീരുമാനമെടുക്കാനുള്ള വിവരങ്ങൾ കിട്ടുന്നതുവരെ തകരാറുണ്ടെന്നു പറയാൻ നിവർത്തിയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഉണ്ടോ എന്നു അന്വേഷിയ്ക്കാമോ എന്നാണ് ചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടോ എന്നു അന്വേഷിക്കുമെന്നുള്ളതിൽ എന്തിനാണിത്ര സംശയം. അതു ഫാറസ്റ്റിന്റെ ഡിപ്പാർട്ടുമെണ്ടിൽ മാത്രമല്ല മറ്റേതു ഡിപ്പാർട്ടുമെണ്ടിലും അഴിമതികൾ ഉണ്ടെന്നു ആക്ഷേപം ഉണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിയ്ക്കേണ്ടതു ഗവൺമെണ്ടിന്റെ ചുമതലയാണ്. അതു ഫാറസ്റ്റിന്റെ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടെന്നു പറയുകയാണെങ്കിൽ തീർച്ചയായും ഗവൺമെണ്ടാലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വ്യക്തമായും, പ്രത്യേകമായും പറഞ്ഞിട്ടുള്ള എല്ലാ വിഷയങ്ങളും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഈവക കായ്ങ്ങളെപ്പറ്റി യാതൊരു തീരുമാനവും തീർപ്പും ഇതുവരെ ഉണ്ടായിട്ടില്ല. അതിലൊന്നാണ് ഫ്യുവൽ ഡിവിഷൻ. അതു നിർത്തണോ വേണ്ടയോ എന്നാലോചിച്ചുതുതന്നെ ഗവൺമെണ്ടു ഡിപ്പാർട്ടുമെൻറൽ ചിലവു കുറയ്ക്കാം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ അഴിമതികൾക്കു സാദ്ധ്യതയുള്ള ഒരു സിപ്പാർട്ടുമെണ്ടാണ് എന്നുള്ളതുകൊണ്ടു് ആ അഴിമതിയ്ക്കു പരിഹാരം കാണുവാൻ വേണ്ടിയാണ് അതു വേണ്ടെന്നു വയ്ക്കുന്നതു എന്നു ബഹുമാനപ്പെട്ട മെമ്പർമാർ ധരിയ്ക്കരുതു്. ആ ഡിപ്പാർട്ടുമെണ്ടു് വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ അതിൽ നടന്നു എന്നു പറയുന്ന അഴിമതികൾ ഗവൺമെണ്ടു് സമ്മതിച്ചു എന്നു കണക്കാക്കരുതു്. അതിന്നുള്ള തെളിവു കിട്ടുന്നതുവരെ ഗവൺമെണ്ടിന്നു അങ്ങിനെ ഒരാക്ഷേപമുണ്ടെന്നു സമ്മതിയ്ക്കുവാൻ നിവൃത്തിയില്ല. നേരെമറിച്ചു് ഫ്യുവൽ ഡിവിഷൻ ഗവൺമെണ്ടു റിട്രെഞ്ച്മെൻറായെടുത്തു്.....

Mr. P. K. Dewer *(Labour)*: Not an anticorruption measure.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആവശ്യമില്ലെന്നു ഗവൺമെണ്ടിന്നു ബോദ്ധ്യപ്പെട്ടാൽ അതു നിർത്തണ്ട കായ്ം ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർമാർ അൻറികറപ്ഷൻ ആക്ഷൻ എടുക്കണമെന്നു പറഞ്ഞാൽ അതെടുക്കാൻ തയ്യാറാണ്. കറപ്ഷൻറെ കായ്ത്തിൽ, അഴിമതികളുടെ കായ്ത്തിൽ ഈ നിയമസഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗത്തിന്നും ഉള്ളതുതന്നെ ഉൽക്കണ്ഠ ഗവൺമെണ്ടിന്നും ഉണ്ടെന്നു ഈ സഭയെ അറിയിക്കുവാൻ എനിയ്ക്കാഗ്രഹമുണ്ടു്. ഈവക കായ്ങ്ങളിൽ ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാനപ്പെട്ട അംഗങ്ങൾ തരുന്ന വിവരങ്ങളും മറ്റു ഭാഗങ്ങളിൽനിന്നു കിട്ടുന്ന വിവരങ്ങളും തിട്ടപ്പെടുത്തിയും ഗവണ്മെണ്ടു ഉപയോഗപ്പെടുത്തുന്നതാണു്. ഇതിനെപ്പറ്റി വേണ്ടതു ആലോചിച്ചു ചെയ്യുന്നതാണു്. ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചായിരിയ്ക്കാം ബഹുമാനപ്പെട്ട ആമ്പല്ലൂർ മെമ്പർക്കു് പരിചയം. അതുകൊണ്ടു ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചു പറയുന്ന അവസരത്തിൽ അവിടത്തെ അഴിമതികളുടെ കായ്യം മാത്രം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുക, എന്നാൽ അതിനെപ്പറ്റി അന്വേഷണം നടത്താം എന്ന മാത്രമെ ഞാൻ പറയുകയുണ്ടായുള്ളൂ. അതിൽനിന്നു അങ്ങാടിവിത്തമാനം ബഹുമാനപ്പെട്ട അരണാട്ടുകരമെമ്പർ പറഞ്ഞു എന്ന അർത്ഥം വരത്തക്കവിധത്തിൽ ഞാൻ പറഞ്ഞിട്ടില്ല. ഹിയർ സേ ഇൻഫർമേഷൻ അനുസരിച്ചായിരിക്കും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു എന്നുള്ള അർത്ഥത്തിലാണു് ഞാൻ പറഞ്ഞതു്. ഹിയർസേ ഇൻഫർമേഷൻ എന്നുള്ളതു ഗ്രാമ്യഭാഷയിൽ അങ്ങാടിവിത്തമാനം എന്നും പറയാം. അതിൽ ആക്ഷേപമില്ല. ഇതിനസംബന്ധിച്ചു ഇത്രമാത്രമെ എനിക്കു പറയാനുള്ളൂ.

മിസ്റ്റർ ടി. പി. സിതാരാമയ്യൻ: സർ ഫ്ലവൽഡിവിഷനിലെ റിട്രെഞ്ച്മെൻറിനെ റദ്ദു ആലോചിക്കുമെന്നു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. പക്ഷെ ഓരോ ദിവസവും ഇങ്ങിനെ ആലോചിച്ചു കളയുന്നപക്ഷം ഗവണ്മെണ്ടിനു വലിയ നഷ്ടം വരുന്നതാണു്. ഇത്രയും പറഞ്ഞുകൊണ്ടു ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ കട്ടുമോഷൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and carried

(v) 39— Income-Tax and Sales-Tax

Mr. P. Govinda Menon *(Minister for Finance and Law)*: Under 39. Income-Tax and Sales-Tax I move that the Government be granted an amount of Rs. 1,42,632.

Mr. E. Ikkanda Warrriar *(Prime Minister)*: I second it.

Cut-motion No. 1 not moved.

CUTMOTION No. 2

Mr. C. V. Iyyu *(Kunnamkulam)*: To reduce the allotment of Rs. 1,42,632 for Income-tax in Demand No. 39 by Rs. 2.

(To impress upon the Government the sensation created in the State by the Press Statement of the Hon'ble Minister for Law and Finance that the whole of the Income-tax revenue may be appropriated by the Dominion Government) Sir, I am moving my cut motion. The main purpose of moving the cut motion is based on a Press Statement of the Hon. Minister for Finance and Law, which he made in Madras, about the collection and appropriation of Income-tax which might, when we join the Federation, become a Union subject. He referred about the subject a little bit optimistically that there is every possibility of our getting a due share of income-tax income on money incomes from the Government of India even if we join the Federation. Of course I do not deny that and the draft Constitution has made certain provisions for the same. But I would like to draw the attention of the Finance Member to certain portions about the review on the Budget speech made by a leading journal in Madras; the Mail dated November 30.

"There is nothing in the Draft Constitution" said Mr. P. Govinda Menon "to stand in the way of the State getting 100 per cent of the income-tax levied within its area". He may be right, but we imagine that the Union Finance Minister will have other views on this question. The general trend of the discussion in the Constituent Assembly has been in the direction of securing equality of treatment of States and Provinces alike. If the latter are not permitted to retain all the income-tax collected within their territories, there is no very obvious justification for the States being allowed to do so beyond the unconvincing argument that the States were not in pre-union days within the compass of the Central Government's income-tax laws."

Later in the same article it is mentioned:

But the Central Government are far more seriously troubled by financial problem than is Cochin. Did not the Deputy Prime Minister recently declare that India's expenditure was incomputable, a description which must have come as a rude shock to many would be beneficiaries of Central Government largesse? It is doubtful whether the Central Government will be able to make the concessions Cochin proposes to seek.." A statement similar to the one made by the Finance Minister of our State was made by the Travancore Prime Minister also almost at the same time although that was in Trivandrum. So the position is, we have to view the budget in the light that all our income-tax on incomes other than agricultural income-tax is alible to be appropriated by the Government of India and we may not be entitled to get more

LIBRARY ARCHIVES Kerala Legislative Assembly